കോട്ടയം
ന്യൂ തിയേററിൽ
ഇന്നു രാത്രി
'അഭിമന്യു'
പുതിയ തമിഴ്ചിത്രം
സെൻട്രലിൽ
3-ാമത്തെ വാരം
വേതാളലോകം

പ്രഭാതപ്പതിപ്പ്. Reg. No. T 174. Licence No. 365. dated 26—2—194 വില 2 ചക്രം

ദേശമിത്രം

Editor-in-Chief:- K. N. Sankunni Pillai B. A. & B. L.

AT
CENTRAL THEATRES
Kottayam.
The World Famous—
ROMEO & JULIET
A Shakespearean
Never-to-be-forgotten
—Drama—
From 5-2-1949, 23-6-124.

Vol. 1 | കോട്ടയം 1949 ഫെബ്രുവരി 6-ാംനു — 1124 മകരം 24—ാംനു ഞായർ പേജ് 4 | No 268

ആ ഭയങ്കര സംഭവം

കുളത്തുപ്പുഴ ടി. ബിയിൽ നടന്ന കിരാത നൃത്തം—അങ്ങനെയൊന്ന് ഉണ്ടായിട്ടേ ഇല്ലെന്ന് വാദിച്ച് മനോരമ ഈ നീചനീചകൃത്യത്തിനും കൂട പിടിക്കുന്നു—സ്റ്റേററിന്റെ സൽകീർത്തിയിൽ കളങ്കം ചേർക്കുന്ന ഈ ഹീനകൃത്യം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ—മിസ്സ് ശർമ്മയെ ബലാല്ക്കാരമായി വേറൊരിടത്തേയ്ക്ക് കൊണ്ടുപോകാൻ അക്രമികളുടെ കല്പിച്ചുകൂട്ടിയുള്ള ഒരുദ്യമമാണ് അവിടെ നടന്നതെന്നറിയുന്നു—സ്വന്തം പ്രതിനിധിയുടെ റിപ്പോർട്ട്

(സ്വന്തം ലേഖകൻ)

കുളത്തുപ്പുഴ, മകരം 23

കഴിഞ്ഞ 13-ാംനു സംസ്ഥാനാതിഥിയായി സ്ഥലം ടി. ബിയിൽ താമസിച്ചിരുന്ന മിസ്സ്. ശർമ്മയുടെ മുറിയിൽ പാതിരാത്രിസമയം അദ്ദേഹം അക്രമികൾ കയറി അവരെ മാനഭംഗപ്പെടുത്തുവാൻ ശ്രമിച്ചതായും, അക്രമിയുമായുള്ള മൽപിടുത്തത്തിനിടയിൽ മിസ്സ്. ശർമ്മയുടെ മുഖത്തു രണ്ടുമൂന്നു ദന്തക്ഷതങ്ങൾ ഏൽക്കുകയുംചെയ്തതായും, ഈ ഭയങ്കരകൃത്യത്തെപ്പററി മിസ്സ്. ശർമ്മ ഇന്ത്യാഗവണ്മെന്റുൾപ്പെടെ അധികൃതസ്ഥാനങ്ങളിൽ പരാതിപ്പെട്ടിട്ടുള്ളതായും റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടല്ലോ. ഇങ്ങനെ ഒരു നീചകൃത്യം നടന്നിട്ടില്ലെന്നും, ഏതാനം കള്ളന്മാർ മിസ്സ്. ശർമ്മയുടെ ഉറക്കമുറിയിൽ മോഷണത്തിനുദ്യമിച്ചു മാത്രം കയറിയതാണെന്നും, അതിൽ ഇങ്ങനെയുള്ള പരാതികളൊന്നും മിസ്സ്. ശർമ്മയ്ക്കു ഇല്ലെന്നും മററും മനോരമയിൽ ഒരു ലേഖനം പ്രസിദ്ധീകരിക്കുകയുമുണ്ടായിട്ടുണ്ടല്ലോ. എന്നാൽ, നിങ്ങളുടെ ലേഖകൻ പല മാന്യന്മാരെയും കണ്ടു സൂക്ഷ്മമായ അന്വേഷണം നടത്തിയതിൽ, ഇതുവരെ പത്രങ്ങളിൽ കണ്ടതിലും വളരെയധികം ഭയങ്കരമായ സംഭവമുണ്ടായതെന്നറിയുന്നു. വിശദവിവരങ്ങൾ അറിയാനിടയായതു താഴെ ചേർക്കുന്നു:

കൃത്യദിവസം വൈകിട്ട് 4 30-നു്, റിസർവിൽ ഒരു സഞ്ചാരം കഴിഞ്ഞു തിരിച്ചു ടി. ബി. യിലെത്തിയ മിസ്സ്. ശർമ്മയെ ടി. ബി. ഔട്ട് ഹൌസിൽ താമസിച്ചിരുന്ന സൂപ്രവൈസർ ഒ. എൻ. ചെറിയാനും മി. ടി. എം. വർഗീസിന്റെ ജാമാതാവിന്റെ സഹോദരനും മി എ. പി, ഗ്നൈനാന്റെ പുത്രനും ആയ കുഞ്ഞുഞ്ഞു എന്ന ആളുകൾ ടി. ബി. യിൽ ചെന്നു കാൺകയുണ്ടായി. സംസാരവേളയിൽ മിസ്സ്. ശർമ്മയുടെ കൂടെയുള്ള പാർട്ടി അന്നുരാത്രിയിൽ വരാനിടയില്ലെന്നും ഇവർ അറിഞ്ഞിരുന്നുത്രേ.

കുറെക്കഴിഞ്ഞശേഷം ഈ കുഞ്ഞുഞ്ഞു വീണ്ടും ടി. ബി. യിൽ കയറിച്ചെന്നു മിസ്സ് ശർമ്മയോടു സംസാരിക്കാനുദ്യമിച്ചെന്നറിയുന്നു. ഏതായാലും ഇ മിസ്സ് ശർമ്മയ്ക്കു അഭിമാനകയ്യാളെ പറഞ്ഞയച്ച ശേഷം രമല്ലെന്നും മററും ഉപദേശിച്ച മിസ്സ് ശർമ്മ, സൂപ്രവൈസർ മി. ചെറിയാനെ വരുത്തി, രാത്രിസമയം ടി. ബി. യിൽ തന്റെ രക്ഷയ്ക്ക് രണ്ടുപേരെ അയച്ചു കൊടുക്കണമെന്നാവശ്യപ്പെട്ടതായും, എന്നാൽ ടി. ബി. യ്ക്കടുത്തുതന്നെ താൻ ഉണ്ടായിരിക്കുമെന്നതിനാൽ വിശേഷിച്ചു ആരെയും വരുത്തേണ്ട ആവശ്യമില്ലെന്നു മി. ചെറിയാൻ മിസ്സ് ശർമ്മയ്ക്കു ഉറപ്പും ആശ്വാസവും നൽകിയതായും അറിയുന്നു.

ഏതായാലും രാത്രി 11 മണിയോടുകൂടെ ഭയങ്കരമായ ഈ അക്രമം ടി. ബി. യിൽ നടക്കുകയുണ്ടായത്. ഈ സമയത്ത് ടി. ബി. യ്ക്കു സമീപം ഒരു ജീപ്പ് സ്റ്റാർട്ടു ചെയ്തു നിറുത്തിയിട്ടുണ്ടായിരുന്നുവെന്നും, ജനൽ വഴി മിസ്സ് ശർമ്മയുടെ ശയ്യാമുറിയിൽ പ്രവേശിച്ച അക്രമി അവരെ എടുത്തു ജനലിൽക്കൂടെ പുറത്തേക്കു കൊടുക്കുമ്പോൾ ഏററുമേടിക്കാനായി 2 പേർ ജനലിനു പുറത്ത് തയ്യാറായി നിന്നിരുന്നെന്നുമാണ് അറിയുന്നതു്. മുൻപറഞ്ഞ കുഞ്ഞുഞ്ഞിനു വേണ്ടിയും, അയാളുടെ നേതൃത്വത്തിലുമായിരുന്നു ഈ അക്രമമെന്നു ശ്രുതിയുണ്ട്. ഏതായാലും മുറിക്കകത്തു കടന്നവൻ (പിന്നീടു മനസ്സിലാക്കിയതു പോലെ) മിസ്സ് ശർമ്മയുടെ തലയണയ്ക്കു സമീപം വച്ചിരുന്ന ടോർച്ചുവിളക്കും റിവോൾവറും എടുത്ത് അവരുടെ കട്ടിലിനുതാഴെ മാററിവയ്ക്കുകയുണ്ടായി. ഉടൻതന്നെ മിസ്സ് ശർമ്മയെ കടന്നു പിടിക്കുകയും, ധീരയായ ആ യുവതി ആത്മരക്ഷയ്ക്കുവേണ്ടി നടത്തിയ സമരത്തിനിടയിൽ അക്രമി അവരെ ദന്തക്ഷതങ്ങളുള്ളിക്കുകയും, ആ കൂട്ടത്തിൽ ഒരാളുടെ കയ്യേൽ ആ യുവതി കടിച്ചു മുറിവേൽപ്പിക്കുകയും ചെയ്തതായാണറിയുന്നതു്. ബഹളംകേട്ടു പുറത്തുകിടന്നിരുന്നവർ ഉണർന്നപ്പോഴയ്ക്കും അക്രമിയുംമററും രക്ഷപ്പെട്ടുകഴിഞ്ഞിരുന്നു.

5 മിനിററു കഴിഞ്ഞപ്പോഴേക്കും സൂപ്രവൈസർ മി. ചെറിയാൻ മിസ്സ് ശർമ്മയുടെ മുറിയിൽ എത്തി വിവരമന്വേഷിക്കുന്നതായി ചിലതു ചോദിച്ചശേഷം, ഈ അക്രമത്തിന്റെ വിവരങ്ങൾ പുറത്തുവിട്ടുന്നതു് മിസ്സ് ശർമ്മയ്ക്കു് അഭിമാനകരമല്ലെന്നും മററും ഉപദേശിച്ചതായറിയുന്നു. അവർ ഈ ഉപദേശം ചെവിക്കൊള്ളുകയുണ്ടായില്ലെന്നു ഇതിനകം പരസ്യമായിട്ടുണ്ടല്ലോ.

മി. ടി. എം-ന്റെ ബന്ധുവായ ഈ കുഞ്ഞുഞ്ഞു് ഇതുപോലെ ചിലസംഭവങ്ങളിൽ കുറെനാളായി ഇടപെട്ടുപോരികയാണെന്നും, ഇയ്യാളുടെമേൽ ഒന്നോ രണ്ടോ കേസ്സുകൾ ഉള്ളതായുമറിയുന്നു. സ്വാധീനമേറിയ ഇന്നത്തെ തന്റെ ചുററുപാടുകളിൽ കുഴപ്പത്തിലൊന്നുകപ്പെടാതെ രക്ഷപ്പെട്ടുമെന്നു കുഞ്ഞുഞ്ഞു വീരവാദമഭിനയിക്കുന്നതായും, കൊല്ലം സെഷൻസിൽ സൂപ്രവൈസർക്കു ജാമ്യമനുവദിക്കുന്ന കാര്യത്തിൽ ഗവ. പ്ലീഡർ മി. എം. ജി. കോശി കയ്ക്കൊണ്ട വിചിത്രമായ നില ഈ വീരവാദങ്ങളെ സാധൂകരിക്കുന്നതായും പലരും ചൂണ്ടിക്കാണിക്കുന്നു. മി. ടി. എം-ന്റെ ഒരുത്രാമിത്രവും ഒരു എ. ററി. സി. സി. മെമ്പറുമായ മി. കോശിയെ, മി. ടി. എം. വറുഗീസ് മന്ത്രിയായിരുന്ന കാലത്താണ് ഗവമ്മെന്റു പ്ലീഡറായി നിയമിച്ചതെന്ന വസ്തുതയും സ്മരണീയമാണ്. ജാമ്യാപേക്ഷവാദവേളയിൽ പോലീസ് ഡയറി കൊണ്ടുവന്നിരുന്ന ഫെഡ് കാൺസ്റ്റബിൾ, അതു ഹാജരാക്കത്തക്കവണ്ണം സമയത്തു ഗവ. പ്ലീഡറെ ഏല്പിച്ചില്ലെന്നാണല്ലോ പറയുന്നതു്.

ഈ കേസ്സന്വേഷണത്തിൽ ശ്രദ്ധപതിപ്പിച്ചു വരുന്ന ഐ. ജി. രണ്ടുദിവസം മുൻപ് തിരുവനന്തപുരത്തുവച്ച് മി. ടി. എം. വറുഗീസ്സിനെ സന്ദർശിച്ചുദ്ദേശം മണിക്കൂറോളം സമയം ചില സംഭാഷണങ്ങൾ നടത്തിയതായും അറിയുന്നു.

ഗവ. പ്ലീഡറുടെ വാദരീതിയും, കുഞ്ഞുഞ്ഞുകൂട്ടരുടെ കൃസ്സലില്ലാത്ത നിലയും സമാധാനകാംക്ഷികളായ ഇവിടുത്തെ സാധുജനങ്ങളെ ഒന്നു സ്തംഭിപ്പിച്ചിട്ടുള്ളതായി കാണുന്നു.

ജാമ്യംനിഷേധിച്ചു

(പ്ര—ല)

കൊല്ലം, മകരം 24

കുളത്തുപ്പുഴ സംഭവം സംബന്ധിച്ച് അറസ്റ്റ് ചെയ്ത് കസ്റ്റഡിയിൽ സൂക്ഷിച്ചിരിക്കുന്ന സെക്ഷനാഫീസർ മി. ചെറിയാനു സ്ഥലം സെഷൻസ് കോടതിയിൽ ബോധിപ്പിച്ചിരുന്ന ജാമ്യാപേക്ഷ നിരസിച്ചുകൊണ്ട് ഇന്നു കോടതിയിൽനിന്നും ഉത്തരവുണ്ടായിരിക്കുന്നു. ഗവണ്മെന്റു ഭാഗത്തേയ്ക്കു വാദിച്ചതു് ഗവർമ്മെന്റു പ്ലീഡർ മി. സി. ജി. കേശവനാണ്.

അപ്പീൽബോധിപ്പിച്ചു

(സ്വ—ലേ) തിരു:, മകരം 23

കുളത്തുപ്പുഴസംഭവം സംബന്ധിച്ചു അറസ്റ്റുചെയ്ത് കസ്റ്റഡിയിൽ പാർപ്പിച്ചിരിക്കുന്ന മി. ചെറിയാന്റെ ജാമ്യാപേക്ഷ കൊല്ലം സെഷൻസ്കോടതിയിൽ നിരസിച്ചതിന്മേൽ ഇന്നു ഹൈക്കോടതിയിൽ അഡ്വൊക്കേററു് മി. കെ. ററി. തോമ്മസ് മുഖാന്തിരം അപ്പീൽ ബോധിപ്പിച്ചിരിക്കുന്നു. അടുത്ത തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ ഹൈക്കോടതിയിൽ അപ്പീൽവാദം നടക്കുന്നതാണ്.

പി. എൻ. ഭണ്ഡാരി

ന്യൂഡൽഹി, ഫെബ്രുവരി 4

ഇന്ത്യയിലെ ഇൻഫർമേഷൻ വകുപ്പിന്റെ ഡയറക്ടർസ്ഥാനം ലണ്ടനിലെ ഹൈക്കമ്മീഷണർ ആഫീസ്സിൽ പബ്ളിക് റിലേഷൻസ് ആഫീസ്സറായിരുന്ന മി. പി. എൻ. ഭണ്ഡാരി ഏറെറടുത്തിരിക്കുന്നു.

കാളകളുടെ സംരക്ഷണം

ജയറാംദാസിന്റെ ഉൽബോധനം

ന്യൂഡൽഹി, ഫെബ്രുവരി 3

അഖിലേന്ത്യാ കന്നുകാലിപ്രദർശനം ഉൽഘാടനം ചെയ്തുകൊണ്ട് കേന്ദ്രഗവണ്മെൻറിന്റെ കൃഷിവകുപ്പു മന്ത്രി മി. ജയറാംദാസ് ദൗലത്ത്റാം ചെയ്ത പ്രസംഗത്തിൽ ഇന്ത്യയിലെ കാളകളുടെ സംഖ്യയും പ്രവർത്തനശേഷിയും വർദ്ധിപ്പിക്കേണ്ടതാണെന്ന് ഊന്നി പ്രസ്താവിച്ചിരിക്കുന്നു. ഇവിടെ ഉഴവിനും വണ്ടി വലിക്കുന്നതിനും ആവശ്യമായത്ര മൃഗങ്ങളെ ലഭിക്കുന്നപക്ഷം പ്രസ്തുത ജോലികൾ നടത്തുന്നതിന് ആവശ്യമായ യന്ത്രസാമഗ്രികൾക്കു വേണ്ടി അന്യരാജ്യങ്ങളെ ആശ്രയിക്കേണ്ടിവരുന്നതല്ലെന്ന് അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരം

(സ്വ—ലേ) മകരം 23

ഈ മാസം 29-ാം തീയതി വൈകുന്നേരം 5-15-ന് യൂണിവേഴ്സിററി സ്റ്റേഡിയത്തിൽവച്ച് ആരംഭിക്കുന്ന ട്രാവൻകൂർ ട്രോഫിഫുട്ട്ബോൾ ടൂർണ്ണമെന്റിൽ മുന്നുകൊല്ലങ്ങളിലെപ്പോലെ പല പ്രശസ്തകളിക്കാരുൾപ്പെട്ട ടീമുകളും പങ്കെടുക്കുന്നതാണ്. മധുര ടി. വി എസ്സ്., എം. എസ്സ് എം. ആർ. മദ്രാസ്, മൈസൂർ ക്ലബ് ഹൈദരാബാദ് സ്പോർട്ടിംഗ് ക്ലബ്, ബോംബെ ജി. ഐ. പി. മൈസൂർ പോലീസ് മുതലായ ടീമുകൾ പങ്കെടുക്കുന്നതാണ്. ഒന്നാമത്തെ മത്സരത്തിൽ തിരുവനന്തപുരം റോവേഴ്സ് ക്ലബ്ബും ഉട്ടക്കമണ്ട് ഫുട്ട്ബാൾ ക്ലബ്ബും പങ്കെടുക്കുന്നതാണ്.

ടോൾ നിർത്തിയതുമൂലം തിരുവനന്തപുരം കാർപ്പറേഷന് ഉണ്ടായിരിക്കുന്ന വരവു കുറവിനെപ്പററി പര്യാലോചിച്ചു വേണ്ട തീരുമാനം ചെയ്യുന്നതിനു് ഫൈനാൻഷ്യൽ സെക്രട്ടറി ചെയർമാനായി ഗവണ്മെന്റിൽനിന്നു ഒരു കമ്മററിയെ നിയമിച്ചിരിക്കുന്നതായി അറിയുന്നു. ഇപ്പോൾ ഗവണ്മെൻറിന്റെ ചുമതലയിൽ നടത്തുന്ന സാംക്രമിക രോഗാശുപത്രി കാർപ്പറേഷന്റെ ചുമതലയിൽ വിട്ടുകൊടുക്കുന്നതാണെന്നും അറിയുന്നു.

ശ്രീകാര്യം പബ്ളിക് മാർക്കററിന് സമീപമുള്ള ചെക്കാലമുക്കിൽ രാത്രികാലങ്ങളിലും മററും മദ്യപന്മാരുടെ ശല്യം മൂലം വഴിയാത്രക്കാരും, സമീപവാസികളായ സാധുജനങ്ങളും വിഷമം നേരിടുന്നതായി പരാതി ലഭിച്ചിരിക്കുന്നു. കഴക്കൂട്ടം പോലീസിന്റെ ശ്രദ്ധ പതിയണമെന്നു ഒരു പരാതി അറിയിക്കുന്നു.

പുതിയ ഉദ്യോഗസൃഷ്ടി

35-ാം-45-ാം കമ്പളസ്ക്കെയിലിൽ വില്ലേജ്, പഞ്ചായത്ത് ഡയറക്ടറെ നിയമിക്കുന്നു

(സ്വ—ലേ) തിരുവനന്തപുരം, മകരം 23

ഇപ്പോഴത്തെ വില്ലേജ് അപ്ലിഫ്ററ് ആഫീസ്സറുദ്യോഗവും, വില്ലേജ് പഞ്ചായത്തും യൂണിയനും രജിസ്ട്രാറുദ്യോഗവും സംയോജിപ്പിച്ചു വില്ലേജ് പഞ്ചായത്ത് ഡയറക്ടർ എന്ന പേരിൽ ഒരുദ്യോഗസ്ഥനെ നിയമിക്കുവാൻ ഗവണ്മെണ്ട് അനുവദിച്ചിരിക്കുന്നു. അദ്ദേഹത്തിന് 350-450 രൂപാ ശമ്പളവും 100 രൂപാ അലവന്സും ഉണ്ടായിരിക്കും. ഈ ഉദ്യോഗസ്ഥന്റെ കീഴിൽ അസിസ്റ്റന്റു എഞ്ചിനീയറുടെ സ്ഥാനവലിപ്പമുള്ള ഒരു ടെക്നിക്കൽ അസിസ്റ്റന്റിനേയും ഓരോ റവന്യൂ ഡിവിഷനിലും ഒന്നു വീതം മൂന്ന് അസിസ്റ്റന്റ് ഡയറക്ടർമാരെയും ഒരു പ്രിവൻറീസ് ആഫീസ്സറേയും 14 പബ്ളിക് വർക്സ് ആർഗനൈസർമാരെയും 4 പബ്ളിക് ഹെൽത്ത് ആർഗനൈസർമാരെയും, മൂന്ന് കോ ആപ്പറേററീവ് ആർഗനൈസർമാരെയും നിയമിക്കുവാനു അനുവദിച്ചിരിക്കുന്നു. അസിസ്റ്റന്റു് ഡയറക്ടർമാരുടെ ശമ്പളം 175-225 രൂപാ ആയിരിക്കും.

സമ്മാനദാനം

ഇന്ററർ കൊളിജിയററ് മൽസരത്തിൽ വിജയികളായവർക്ക്

വൈസ്ചാൻസലർ മി. പാപ്പുവത്തു നിർവഹിച്ചു

(സ്വ ലേ) തിരുവനന്തപുരം, മകരം 23

ഇന്ററർ കൊളിജിയേററ് കായികമത്സരങ്ങൾ ഇന്നു വൈകുന്നേരം യൂണിവേഴ്സിററി സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെട്ടു. വിജയികൾക്ക് വൈസ്ചാൻസലർ മി. എച്ച്. സി. പാപ്പുവർത്ത് സമ്മാനദാനം നിർവഹിച്ചു. അത്ലററിക്സിനുള്ള മിസ്സിസ്സ് ഏ. വി. തോമ്മസ് കപ്പും നെററ്ബാളിനുള്ള മിസ്സിസ് പത്മാചന്ദ്രശേഖരൻ കപ്പും, ടെലിക്കോയിററിനുള്ള മിസ്സിസ് പൈരരാക്ഷീൽഡും, ബാഡ്മിന്ററനുള്ള തിരുവിതാംകൂർയൂണിവേഴ്സിററിഷീൽഡും വിമൻസ് കാളജിനു് ടെന്നിസ് സിംഗിൾസിനുള്ള മിസ്സിസ് വി. പി. തമ്പി കപ്പും, ടെന്നിസ് ഡബിൾസിനുള്ള മിസ്സിസ് പൂന്നൻലൂക്കോസ് കപ്പും യൂണിവേഴ്സിററി കോളേജിനും, ഫിസിക്കൽ എഫിഷ്യൻസി, ഗ്രൂപ്പ് ഇവയ്ക്കു ക്രിക്കററിനും ഉള്ള കുഞ്ഞുനാദേവൻ കപ്പ് യൂണിവേഴ്സിററി കോളേജിനും, യോഗാഭ്യാസമത്സരത്തിനും അത്ലററിക്സിനും ഉള്ള പ്രിനസിപ്പൽ ചാമ്പ്യൻഷിപ്പ് കപ്പും ബാക്കിക്കുള്ള സചിത്രാത്മ വൈസ്ചാൻസലേഴ്സ് കപ്പും ടെന്നിസിനുള്ള പെരരാകപ്പും, ബോയിസ് കപ്പും ടെന്നിസ് ഡബിൾസിനുള്ള ടി. കെ. ഗോപാലൻനായർ കപ്പും, സൂര്യനമസ്ക്കാരത്തിനുള്ള സമ്മാനവും എൻജിനീയറിംഗ് കാളജിനും ഫുട്ബാളിനുള്ള കരയാളേഴ്സ് കപ്പും, വോളിബോളിനുള്ള ജി. പി. കപ്പും അലുവായൂണിയൻ ക്രിസ്ത്യൻകാളേജിനും ബാസ്കററ് ബാളിനുള്ള കൃഷ്ണയ്യർകപ്പ് കോട്ടയം സി. എം. എസ്. കാളേജിനും ലഭിച്ചു.

വിമൻസ്കാളേജിലെ മിസ്സ്. എൻ. ഡി. വർക്കി, അന്നാജാൺ, പി. എസ്. മാർഗററ്, അന്നമ്മ ഏബ്രഹാം, യൂണിവേഴ്സിററി കാളേജിലെ വിജയം, എന്നി വിദ്യാർത്ഥിനികളും എൻജിനീയറിംഗ് കാളേജിലെ തോമസ് മാത്യു, മി: വാമദേവൻ, എൻ. എസ്സ്. കൃഷ്ണൻകുട്ടിനായർ എന്നിവരും, യൂണിവേഴ്സിററി കാളേജിലെ മി. ഗോപിനാഥൻനായർ, ഗോപിനാഥപിള്ള എന്നി വിദ്യാർത്ഥികളും, സി. എം. എസ്സ്. കാളേജിലെ പി. ജി: അലക്സാണ്ടർ, കെ. ജി. അലക്സാണ്ടർ പി. ജി. ഫിലിപ്പ് എന്നി വിദ്യാർത്ഥികളും സമ്മാനത്തിനു് അർഹരായി. സ്ഥാഫംഗങ്ങളിൽ ഓട്ടത്തിനു് ഒന്നാംസമ്മാനം ക്യാപ്ററൻ ജാണിനും, രണ്ടാംസമ്മാനം മി. വീരകുമാരനും ടെന്നീസ്സിംഗിൾസിനും ഡബിൾസിനും മി. കെ. ഇ. ഈപ്പനും മി. കെ. മാധവൻനായർക്കും ലഭിച്ചു.

പബ്ളിക്ക് സേഫ്ററി ബിൽ

അടുത്ത നിയമസഭയിൽ അവതരിപ്പിക്കും

(സ്വ—ലേ)

തിരുവനന്തപുരം, മകരം 23

ഇന്ത്യാഗവണ്മെൻറിന്റെ പബ്ളിക് സേഫ്ററി ആർഡിനന്സിന്റെ മാതൃകയിൽ ഇവിടെയും ഒരു ആക്ട് നിർമ്മിക്കുവാൻ ബിൽ അടുത്ത നിയമസഭാസമ്മേളനത്തിൽ അവതരിപ്പിക്കുന്നതാണ്.

ജമിനി

ചക്രധാരി

(ഗോരാകുമ്പർ)

ഉജ്ജ്വലതാരങ്ങൾ—നാഗയ്യാ, പുഷ്പവല്ലി, നാരായണറാവു, നാഗർകോവിൽ മഹാദേവൻ—ഇവർ നടിച്ച

നയനാഭിരാമമായ തമിഴ്ചിത്രം

4—2—'49 മുതൽ

പാലക്കാട് — ഗൌഡർ പിക്ചർ പാലസ്
നാഗർകോവിൽ — പയനിയർ പിക്ചർ പാലസ്
തിരുനെൽവേലി — രാമവർമ്മ തിയേററർ
തിരുവനന്തപുരം — ന്യൂതിയേററർ

അടുത്തുതന്നെ കേരളക്കരയിലെ മുഖ്യസ്ഥലങ്ങളിൽ

കൊല്ലം, ആലപ്പുഴ, എറണാകുളം, ചങ്ങനാശ്ശേരി.

Kerala rights:- Pioneer Motor Service Ltd., Nagercoil,
Bookings:- Pioneer & Pragati Ltd., Nagercoil.

ആവശ്യമുണ്ട്

പരിശുദ്ധമായ കസ്തൂരി (Musk) കുങ്കുമപ്പൂവ് (Saffron) കന്മദം (Shilajit) പെരുങ്കായം (Asafoetida) സിൽക്കുതുണികൾ, പരുത്തികൊണ്ടും കമ്പിളികൊണ്ടും നിർമ്മിക്കപ്പെട്ട സ്റ്റോക്സ് സ്റ്റോക്കിംഗ്സ് മുതലായവയ്ക്കുള്ള ഓർഡറുകൾ കമ്മീഷൻ വ്യവസ്ഥയിൽ ബുക്കുചെയ്യുന്നതിനു് ഏജൻറന്മാരെആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾക്കു ജനറൽ മാനേജർക്ക് എഴുതുക. (എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ മാത്രം)

Seth J. N. Bansi Lal Talwar,
The Oldest Musk Concern,
LUDHIANA (East Punjab)

SCHOOL ANNIVERSARY

For fine and attractive Sports Cups and Books both English and Malayalam for annual Prize distribution: Please go to the

Vidyardhimithram Book Depot. Kottayam.

മകരലക്കം
സരസൻ വിനോദ മാസിക
ഇന്നു പുറപ്പെടുന്നു [24-ാംനു-]

വിഷയവിവരം:—പ്രതിമയുടെ സ്വർഗ്ഗാരോഹണം, ശ്രീ. ആർ. വി. തോമ്മസ്, ഓച്ചിറക്കാളകൾ, വെള്ളിനക്ഷത്രം, മലയാളി മർദ്ദനം, അസ്ഥിയുടെ കരച്ചിൽ, അന്നും ഇന്നും മുതലായ പ്രക്ഷോഭകരങ്ങളായ ലേഖനങ്ങൾ.
കാർട്ടൂൺ:—1] ഉൽഘാടനം, 2] ജനകീയം, 3] മാജിക്ക് കാർപ്പെററ് മുതലായവ.

ഏജൻസി ഇല്ലാത്ത സ്ഥലങ്ങളിൽ ഏജൻറന്മാരെ ആവശ്യമുണ്ട്.

മാനേജർ, സരസൻ, ചങ്ങനാശ്ശേരി

ദേശബന്ധു

1124 മകരം 24-ാംനു ഞായർ

ആത്മപൽക്കരമായ പുറപ്പാട്

മലയാളിമർദ്ദനം---സ്വന്തം മുഖം വികൃതമായതിന്നു കണ്ണാടി കുത്തിപ്പൊട്ടിക്കുന്ന ഏർപ്പാടാണ് ഈ പത്രബലയെന്ന്---ഭരണാധികാരികൾ ചെയ്യുന്ന കൊള്ളരുതായ്മകൾ പുറത്തുവന്നെങ്കിലോ എന്ന ഭയവും, പുറത്തു വരരുതെന്ന ശാഠ്യവും, എതിർശബ്ദങ്ങൾ അടിച്ചമർത്തി സ്തുതിഗീതങ്ങൾ മാത്രമെ കേൾക്കാനുള്ള എന്നു വരുത്തുന്ന തലതിരിഞ്ഞ മനോഭാവവുമാണ് തികച്ചും ജനകീയവിരുദ്ധമായ ഈ നടപടിയുടെ പിന്നിലുള്ളതെന്ന്---

തിരുവിതാംകൂർ പത്രറഫ്ലേക്കുന്ന 5-ാംവകുപ്പ് പ്രകാരം "മലയാളി" പത്രത്തിന്റെ ലൈസൻസ് തിരുവിതാംകൂർ ഗവണ്മെന്റ് റദ്ദ് ചെയ്യുകയും ജാമ്യസംഖ്യ പിടിച്ചടക്കുകയും ചെയ്തിരിക്കുന്നു. ഗവണ്മെന്റിന്റെ നേർക്കു വെറുപ്പും വിദ്വേഷവും ഉളവാക്കുന്ന ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി എന്നാണ് ഇതിനു കാരണമായി ഗവർമ്മെന്റു കൊണ്ടുവന്നിട്ടുള്ള ന്യായം.

ഒരാഴ്ചക്കാലത്തെ എടവച്ചു ഗവർമ്മെന്റ് "മലയാളി"ക്കു നൽകിയിരുന്ന നോട്ടീസിൽ ഇതു് പറഞ്ഞിരുന്നു. അതിനു "മലയാളി"മുറയ്ക്കു മറുപടി നൽകിയിട്ടുമുണ്ടായിരുന്നു. "ഗവർമ്മെന്റിന്റെ പേരിൽ വെറുപ്പും വിദ്വേഷവും ഉളവാക്കുന്നു" എന്ന മെത്തത്തിൽ ആരോപിക്കുന്നതല്ലാതെ വ്യക്തമായ ചാർജ്ജുകളൊന്നും കൊണ്ടുവന്നിട്ടില്ലെന്നും, കുററകരമായി തങ്ങൾ എന്തെങ്കിലും എഴുതുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കാമെങ്കിൽ തങ്ങൾ അതിനു കോടതി മുഖേന മറുപടി പറയാനും തങ്ങളുടെ പ്രസ്താവനകളെ തെളിയിക്കാനും തയ്യാറാണെന്നും അവർ ആ മറുപടിയിൽ തുറന്നു പറഞ്ഞിരുന്നു. എന്നാൽ ഏററവും ന്യായവും ഉചിതവും ആയ ഈ മറുപടി സ്വീകരിക്കാനോ, സ്വീകാര്യമായി തോന്നാത്ത പക്ഷം നിയമപരമായ നടപടികൾ നടത്താനോ ഒരുങ്ങാതെ, ഗവർമ്മെന്റ് പത്രത്തെ നിരോധിക്കുകയാണു ഇപ്പോൾ ചെയ്യുകാണുന്നതു്

ഗവർമ്മെന്റിന്റെ ഈ പ്രവൃത്തിയെ നീതിനിഷ്ഠന്മാർക്കു അങ്ങേ അററംവരെ എതിർക്കാതിരിക്കുന്ന തരമില്ല. ഒരാൾ ഒരു കുററം ചെയ്തിട്ടുണ്ടെന്നു തെളിയിച്ചു കഴിയുംവരെ അയാൾ കുററക്കാരനല്ലെന്ന തത്വം ഏതു നാട്ടിലും എന്തു നിയമത്തിലും അംഗീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ഒരാളുടെപേരിൽ ഒരു കുററം ആരോപിച്ചിട്ടുണ്ടെങ്കിൽ കോടതി മുഖേന അതു് തെളിയിക്കേണ്ട ഭാരം കുററം ആരോപിക്കുന്ന ഗവണ്മെന്റിനുണ്ട് പ്രതിക്കു സ്വന്തം നിരപരാധത്വം തെളിയിക്കാൻ അവസരം നൽകേണ്ടതുമുണ്ട്. സാധാരണ നിയമസംഹിതയിലെ പ്രാഥമിക തത്വങ്ങളാണ് ഇവ. എന്നാൽ തിരുവിതാംകൂർ ഗവണ്മെന്റു ഈ പ്രാഥമിക നീതിയെപ്പോലും മാനിക്കാനൊരുക്കമില്ല "മലയാളി"ക്കു ഗവണ്മെന്റു സെക്രട്ടറി ഒരു നോട്ടീസു നൽകിയതു മാത്രമല്ലാതെ മലയാളിയുടെ കുററമിന്നതാണെന്നു വെളിപ്പെടുത്തിയിട്ടില്ല. വെളിപ്പെടുത്തുവാൻ മലയാളിയുടെ ക്ഷണമുണ്ടായിട്ടും ഗവണ്മെന്റു ഒട്ടു മുതിർന്നതുമില്ല. "മലയാളി"ക്കു സ്വന്തം പ്രസ്താവനയെ തെളിയിക്കാൻ ഒരവസരം നൽകിയതുമില്ല. എക്സിക്യൂട്ടീവ് ജുഡീഷ്യറിയായി സ്വയം മാറുന്നതിനു ഇതിലധികം നല്ല ഒരുദാഹരണം കിട്ടാനില്ല.

എന്താണു മലയാളി ചെയ്തതെററ്? ഗവണ്മെന്റിന്റെ പേരിൽ വെറുപ്പുണ്ടാക്കുന്ന ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി പോലും! ശരിയായിരിക്കാം അവരെഴുതിയിരുന്നവ എന്തെങ്കിലും അവാസ്തവും അടിസ്ഥാന രഹിതവുമായിരുന്നുവെങ്കിൽ എന്തുകൊണ്ടു അവ തെളിയിക്കണമെന്നു ഗവണ്മെന്റാവശ്യപ്പെട്ടില്ല? തെളിയിക്കാമെന്നു അവർ വെല്ലുവിളിച്ചിട്ടുപോലും ഗവണ്മെന്റ് എന്തുകൊണ്ടു ഒഴിഞ്ഞുമാറി? ആ വെല്ലുവിളി സ്വീകരിക്കാനുള്ള ധാർമ്മികമായ നട്ടെല്ലു ഗവണ്മെന്റിനു എന്തുകൊണ്ടുണ്ടായില്ല? ഗവണ്മെന്റിന്റെ ഭംഗം ദുർബ്ബലമല്ലായിരുന്നുവെങ്കിൽ ഇങ്ങനെ ഒഴിഞ്ഞുമാറി ഏകശാസനാപരമായ അധികാരപ്രയോഗം നടത്തുന്നതിന്നു എന്താണു വേറൊരർത്ഥം.

ഭരണാധികാരികൾക്കു പിടിക്കാത്ത പലതും ഒരു പത്രം എഴുതിയെന്നു വരും അധികാരികൾക്കു രുചിച്ചില്ലെങ്കിലും രാജ്യക്ഷേമത്തെ മുൻനിർത്തി അത്തരം ലേഖനങ്ങൾ എഴുതാനുള്ള ധാർമ്മിക പത്രത്തിനു കടമയുണ്ട്. അതു ചെയ്യുകയാണു അധികാരികൾക്കു കഴിയാതെപോകുന്നതിന്നു പത്രമല്ല ഉത്തരവാദി. തങ്ങൾ എഴുതുന്നതിന്റെ ഉത്തരവാദിത്വം മുഴുവനും വഹിക്കുകയും അതു തെളിയിക്കുവാൻ ആവശ്യപ്പെട്ടാൽ തെളിയിക്കുകയും ചെയ്യാൻ ആ പത്രം തയ്യാറാകണമെന്നു മാത്രം. മലയാളി അതിന്നു തയ്യാറായിരുന്നു. പക്ഷെ "ഡിമോക്രസിയുടെ കുത്തക"ക്കാരായ "ജനകീയമന്ത്രിമാർ" ജനാധിപത്യമര്യാദയനുസരിച്ചുള്ള ഈ പ്രാഥമിക നീതി പോലും ആ പത്രത്തിന്നു അനുവദിച്ചില്ല. കാൺഗ്രസ്സിന്റെ ഡിമോക്രസി അങ്ങനെ ആയിരിക്കാം!

ആത്മപൽക്കരമാണ് ഈ പുറപ്പാട്. സ്വന്തം മുഖം വികൃതമായതിന്നു കണ്ണാടി കുത്തിപ്പൊട്ടിക്കുന്ന ഈ ഏർപ്പാട് മുളയിൽ തന്നെ നുള്ളിക്കളയേണ്ടതാണ്. ഭരണാധികാരികൾ ചെയ്യുന്ന കൊള്ളരുതായ്മകൾ പുറത്തുവന്നെങ്കിലോ എന്ന ഭയവും, പുറത്തു വരരുതെന്നശാഠ്യവും, എതിർശബ്ദങ്ങളെ അടിച്ചമർത്തി സ്തുതിഗീതങ്ങൾ മാത്രമേ കേൾക്കാനുള്ളു എന്നു വരുത്തുന്ന തലതിരിഞ്ഞ മനോഭാവവുമാണു ഇതിന്നു പിന്നിലുള്ളതു്. ജുഡീഷ്യറിയെപ്പോലും അവഗണിക്കലും അവഹേളിക്കലുമാണ് ഇതു്. തങ്ങൾ ചെയ്യുന്നതെല്ലാം ശരി, അവമാത്രം ശരി, എന്നു ശഠിക്കുന്നതല്ലെങ്കിൽ പിന്നെ ഇതിൽ ഒന്നുള്ളതു് തങ്ങൾ ആരേയും ഒന്നിനേയും ക്രസുന്നിക്കുന്ന ഘടകങ്ങൾക്ക്, എന്നൊരു ഭൂരവസ്ഥ വളർന്നുവരുവാൻ യാതൊരു ഗവർമ്മെന്റും അനുവദിച്ചു കൂടാത്തതാണ്. ഇതിലേക്ക് പ്രധാനമായി വേണ്ട ഒരു കാര്യം, ലണ്ടനിലെ രഹസ്യപ്പോലീസിനെപ്പോലെ നിറഞ്ഞ കാര്യക്ഷമതയുടെ നമ്മുടെ പോലീസ്സും പ്രവർത്തിക്കത്തക്ക സംഗതിയ്ക്കുകൾ ഏറുശതമാനം സ്വീകരിക്കയെന്നതാണ്. സാധുക്കളെ നിർദ്ദയം മർദ്ദിക്കുന്നതു് ആക്ഷിപ്തമാകുന്ന പോലീസ്സ്, സ്വാധീനശക്തിയുള്ളവരെ അവരുടെ ആളുകളെ നടത്തുന്ന അക്രമങ്ങളുടെയും ആഭാസത്തരങ്ങളുടെയും കാര്യത്തിൽ "ഈ പ്രബല"ന്മാരുടെ ഹിതവും നിർദ്ദേശവുമറിഞ്ഞു മാത്രം പ്രവർത്തിക്കുവാൻ തയ്യാറാവുകയും, തയ്യാറാകേണ്ടി വരികയെന്നു ചെയ്യുന്നതുദ്ദേശിച്ചു ആ സമ്പ്രദായങ്ങൾക്കെതിരായി, രാജ്യസേവനവ്യഗ്രങ്ങളായ പത്രങ്ങളുടെ നേതൃത്വത്തിൽ പൊതുജനാഭിപ്രായം അണിനിരക്കേണ്ടതാണ്. ഇങ്ങനെ സംഘടിതമായുള്ള പൊതുജനാഭിപ്രായത്തിന്റെ മുമ്പിൽ അഴിമതികൾക്കുള്ള ധൈര്യം ഉദ്യോഗസ്ഥവർഗ്ഗത്തിനു കുറയുന്നതും, ഗൌരവമേറിയ ആരോപണങ്ങൾ ഉത്തരവാദിത്വപൂർവം ആവർത്തിക്കപ്പെടുമ്പോഴെങ്കിലും, ബ്രിട്ടനിൽ മന്ത്രി മി. ബെൽച്ചറുടെയും കൂട്ടരുടെയും കാര്യത്തിലെന്നതുപോലെ കമ്മീഷനുകൾ മുഖേന പരസ്യാന്വേഷണത്തിനു ഗവർമ്മെന്റു നിർബന്ധിതമായിത്തീരുന്നതുമാണ്. മി. ബെൽച്ചറുടെ ഈ കേസ്സിൽ ഇതുപോലൊരു പരസ്യാന്വേഷണത്തിനു് നീതിധർമ്മനിഷ്ഠയോടെ മുന്നായെടുത്തു പ്രവർത്തിച്ച ആററ്ലിഗവർമ്മെന്റു ബ്രിട്ടന്റെ മഹത്തമമായ ജനകീയപാരമ്പര്യങ്ങൾ ഒരു തവണകൂടെ ലോകസമക്ഷം വിളംബരം ചെയ്തിരിക്കുന്നു. ആററ്ലി മന്ത്രിസഭ ഈ അന്വേഷണത്തിനു വല്ലാതെ മൌനം വൈമനസ്യം പ്രദർശിപ്പിച്ചിരുന്നെങ്കിൽ ബ്രിട്ടീഷുനിയോജകമണ്ഡലവും പൊതുജനാഭിപ്രായവും സഫലമായി സംഘടിച്ച് വേറെ വല്ല തൊഴിലും അന്വേഷിക്കുവാൻ ആ മന്ത്രി സഭയെ പറഞ്ഞയക്കുമായിരുന്നു.

കൈക്കൂലിയും മററഴിമതികളും

പാർലമെന്റുകളുടെ മാതാവും, പ്രജാധിപത്യ ഭരണത്തിന്റെ കളിത്തൊട്ടിലുമായ ബ്രിട്ടനിൽ ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുന്നവർ കളവ്, കൈക്കൂലി തുടങ്ങിയ അഴിമതികളിൽ വിഹരിക്കുക അതിദുർല്ലഭതന്നെയാണ്. അതിനാലത്രെ അവിടുത്തെ ബോർഡ് ഓഫ് ട്രേഡിലെ മന്ത്രി മി. ബെൽച്ചറുടെയും മററു ചില ഉദ്യോഗസ്ഥപ്രമാണികളുടെയും പേരിലുണ്ടായ ആരോപണങ്ങളെപ്പററി ഒരു കമ്മററി നടത്തിയ അന്വേഷണം വളരെയേറെ പൊതുജനശ്രദ്ധയെ ആകർഷിച്ചതു്. പ്രസ്തുത കമ്മററിയുടെ റിപ്പോർട്ട് പ്രസിദ്ധീകൃതമായിട്ടുണ്ട്.

കച്ചവടത്തിനായി ലണ്ടനിൽ പാർത്തിരുന്ന സിഡ്നിസ്റ്റാൻലി എന്ന പോളണ്ടുകാരൻ അധികൃതമണ്ഡലങ്ങളിൽ തനിക്കു വലിയ സ്വാധീനശക്തി ഉണ്ടെന്നു ഭാവിച്ചുകൊണ്ട് ഗവണ്മെണ്ടു കൺട്രാക്ററുകളും വ്യാപാര ലൈസൻസുകളും നേടാനായി മന്ത്രിമാരുടെ ഹോട്ടൽ ബില്ലുകൾ കൊടുക്കുക, മന്ത്രിപത്നിമാർക്കു പ്രസന്നറുകൾ അയക്കുക തുടങ്ങി കൌശലങ്ങൾ പലതും പ്രയോഗിച്ചുപോന്നിരുന്നു. ഗവണ്മെണ്ടാഫീസ്സിലുള്ള ഉയർന്ന ഒരുദ്യോഗസ്ഥൻ പ്രതിമാസം 1000 പവൻ വീതം കൊടുത്തിരുന്നുമെന്നും അയാൾ പറഞ്ഞിരുന്നത്രെ. ഇങ്ങനെ പലതും ഈ റിപ്പോർട്ടിൽ നിന്നു വെളിവാകുന്നുണ്ട്.

പബ്ളിക്കു സർവീസ്സിന്റെ പ്രശസ്തിയും സ്വഭാവമഹിമയും പാലിക്കുന്നതിൽ നിഷ്ഠുരനിഷ്ഠയുള്ള ബ്രി. ഗവണ്മെണ്ട് ഈ അന്വേഷണം വെളിവാക്കിയിരിക്കുന്ന അഴിമതികളുടെ കാര്യത്തിൽ അളും തരവും അശേഷം നോക്കാതെ മാതൃകാപരമായ ശിക്ഷകൾ നൽകാതിരിക്കയില്ലെന്നു തീർച്ചയാണ്. മേൽവിവരിച്ച അന്വേഷണം സംബന്ധിച്ചു തെളിവുകൾ സംഭരിക്കുന്നതിൽ ഏർപ്പെട്ടിരുന്ന ലണ്ടനിലെ രഹസ്യപ്പോലീസ് ചെയ്ത പരിശ്രമം ഏററവും അഭിനന്ദനീയമായിരുന്നു. അവരും, അളും, തരവും, ചുററുപാടുകളും കെട്ടുപാടുകളും, മററു പ്രേരണകളും ഒന്നും തന്നെ നോക്കാതെ പരമമായ കർത്തവ്യബോധത്തോടുകൂടെ സ്വന്തം പങ്ക് നീതിനിർവ്വഹണം നടത്തി. ലണ്ടൻപോലീസിന്റെ ഈ പ്രാഗൽഭ്യവും ജാഗ്രതയും പൊതുവിൽ ഇന്ത്യൻപോലീസിനു അപരിചിതമാണെന്നു പറയേണ്ടിയിരിക്കുന്നു; പോലീസിന്റെ നിർബാധമായ കൃത്യനിർവഹണത്തിന് പ്രതിബന്ധമായ രാഷ്ട്രീയ-സാമുദായിക ദുഷ്പ്രേരണകൾക്ക് അവർ പലപ്പോഴും കീഴ്വണങ്ങേണ്ടതായി വരുന്നുമുണ്ട്.

സ്വാതന്ത്ര്യലബ്ധിയോടും, ജനകീയ ഭരണാവിർഭാവത്തോടും കൂടെ കൈക്കൂലിയും, കരിഞ്ചന്തയും മററഴിമതികളും രാജ്യത്തു്, വിശേഷിച്ചും നവമായി അധികാരവും പദവിയും മററു സ്വാധീനശക്തികളും ലഭിച്ചിട്ടുള്ള കോൺഗ്രസ്സുകാരുടെ ഇടയിൽ, വർദ്ധിച്ചു വരികയാണു ചെയ്യുന്നതെന്ന് ഡാ: പട്ടാഭി ഉൾപ്പെടെ പലരും പരിദേവനം മുഴക്കുന്നുണ്ട്. അധികാരവും ശക്തിയും ഉള്ളവർ സ്വയം അഴിമതികൾക്കു തുനിയുകയും, ഇങ്ങിനെയുള്ളവരുടെ സുഹൃത്തുക്കളും ബന്ധുജനങ്ങളും മററും നീചവും നിഷിദ്ധവുമായ വിക്രിയകൾ നടത്തി അഴിമതികളിൽ ഗർവിക്കുകയും ചെയ്യുമ്പോൾ അതെല്ലാം കണ്ടു് സഹിച്ചടങ്ങിയിരിക്കുകയല്ലാതെ ഗത്യന്തരമില്ലാ നിയമസമാധാനപാലനത്തിനുത്തരവാദിത്വം വഹിക്കുന്ന ഘടകങ്ങൾക്കു, ഏതൊരു ഭൂരവസ്ഥ വളർന്നുവരുവാൻ യാതൊരു ഗവർമ്മെന്റും അനുവദിച്ചു കൂടാത്തതാണ്. ഇതിലേക്ക് പ്രധാനമായി വേണ്ട ഒരു കാര്യം, ലണ്ടനിലെ രഹസ്യപ്പോലീസ്സിനെപ്പോലെ നിറഞ്ഞ കാര്യക്ഷമതയുടെ നമ്മുടെ പോലീസ്സും പ്രവർത്തിക്കത്തക്ക സംഗതിയ്ക്കുകൾ ഏറുശതമാനം സ്വീകരിക്കയെന്നതാണ്. സാധുക്കളെ നിർദ്ദയം മർദ്ദിക്കുന്നതു് ആക്ഷിപ്തമാകുന്ന പോലീസ്സ്, സ്വാധീനശക്തിയുള്ളവരെ അവരുടെ ആളുകളെ നടത്തുന്ന അക്രമങ്ങളുടെയും ആഭാസത്തരങ്ങളുടെയും കാര്യത്തിൽ "ഈ പ്രബല"ന്മാരുടെ ഹിതവും നിർദ്ദേശവുമറിഞ്ഞു മാത്രം പ്രവർത്തിക്കുവാൻ തയ്യാറാവുകയും, തയ്യാറാകേണ്ടി വരികയെന്നു ചെയ്യുന്നതുദ്ദേശിച്ചു ആ സമ്പ്രദായങ്ങൾക്കെതിരായി, രാജ്യസേവനവ്യഗ്രങ്ങളായ പത്രങ്ങളുടെ നേതൃത്വത്തിൽ പൊതുജനാഭിപ്രായം അണിനിരക്കേണ്ടതാണ്. ഇങ്ങനെ സംഘടിതമായുള്ള പൊതുജനാഭിപ്രായത്തിന്റെ മുമ്പിൽ അഴിമതികൾക്കുള്ള ധൈര്യം ഉദ്യോഗസ്ഥവർഗ്ഗത്തിനു കുറയുന്നതും, ഗൌരവമേറിയ ആരോപണങ്ങൾ ഉത്തരവാദിത്വപൂർവം ആവർത്തിക്കപ്പെടുമ്പോഴെങ്കിലും, ബ്രിട്ടനിൽ മന്ത്രി മി. ബെൽച്ചറുടെയും കൂട്ടരുടെയും കാര്യത്തിലെന്നതുപോലെ കമ്മീഷനുകൾ മുഖേന പരസ്യാന്വേഷണത്തിനു ഗവർമ്മെന്റു നിർബന്ധിതമായിത്തീരുന്നതുമാണ്. മി. ബെൽച്ചറുടെ ഈ കേസ്സിൽ ഇതുപോലൊരു പരസ്യാന്വേഷണത്തിനു് നീതിധർമ്മനിഷ്ഠയോടെ മുന്നായെടുത്തു പ്രവർത്തിച്ച ആററ്ലിഗവർമ്മെന്റു ബ്രിട്ടന്റെ മഹത്തമമായ ജനകീയപാരമ്പര്യങ്ങൾ ഒരു തവണകൂടെ ലോകസമക്ഷം വിളംബരം ചെയ്തിരിക്കുന്നു. ആററ്ലി മന്ത്രിസഭ ഈ അന്വേഷണത്തിനു വല്ലാതെ മൌനം വൈമനസ്യം പ്രദർശിപ്പിച്ചിരുന്നെങ്കിൽ ബ്രിട്ടീഷുനിയോജകമണ്ഡലവും പൊതുജനാഭിപ്രായവും സഫലമായി സംഘടിച്ച് വേറെ വല്ല തൊഴിലും അന്വേഷിക്കുവാൻ ആ മന്ത്രി സഭയെ പറഞ്ഞയക്കുമായിരുന്നു.

പൊതുജനങ്ങൾ കണ്ണീർപൊഴിച്ചു.

ചേനപ്പാടിസത്യഗ്രഹം 4-ാംദിവസം

(സ്വ. ലേ.) മകരം 21

പടിഞ്ഞാറെക്കര തോട്ടം തൊഴിലാളി സത്യഗ്രഹം 4-ാം ദിവസമായ ഇന്ന് പൂർവാധികം സത്യഗ്രഹികൾ ഉണ്ടായിരുന്നു.

സ്ഥലത്തെ പൊതുജനങ്ങൾ ഉദ്ദേശം രണ്ടുമണിയോടുകൂടി 200-ൽപരം ആൾചേർന്ന് ഒരു ജാഥയായിവന്ന് പൊരിവെയിലിൽ ആഹാരരഹിതരായി, ശാന്തരായി, അവശരായി, ഇരിക്കുന്ന സത്യഗ്രഹികളെ സന്ദർശിച്ചു. ലോസ്ഞ്ചർ നാരങ്ങാനീർ മുതലായവ സത്യഗ്രഹികൾക്ക് നൽകി. ഒരു വർഷം മുഴുവൻ എല്ലുമുറിയെ പണിയെടുത്ത ക്ലാലിക്കുവേണ്ടി തൊഴിലാളി സഹോദരങ്ങൾ അനുഭവിക്കുന്ന കഷ്ടതയിൽ തങ്ങൾക്കുള്ള ഹൃദയവേദനയെ വെളിവാക്കുകയും തൊഴിലാളികൾക്കുവേണ്ട പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തിരിക്കുന്നു. പൊതുജനങ്ങളിൽ പലരും, സത്യഗ്രഹികളുടെ അവശത കണ്ടിട്ട് കണ്ണുനീർ തൂവിപ്പോയി. ആ രംഗം ആരേയും വേദനിപ്പിക്കുന്ന ഒന്നായിരുന്നു.

പൊതുജനങ്ങളുടെ അനുഭാവസൂചകമായി നാളെ 4 മണിക്ക് വിഴുക്കിത്തോട്ടു മൈതാനത്തുവച്ച് മി. വങ്കജാക്ഷൻ നായർ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂട്ടുന്നതാണ്.

രാജ്യദ്രോഹിയും കരിഞ്ചന്തവ്യാപാരിയുമായ ആ ബിഷപ്പ്

കുററം സമ്മതിച്ചു ക്ഷമായാചനംചെയ്തു; ഉദ്യോഗം രാജിവയ്ക്കാമെന്നും സമ്മതിച്ചു

ബുഡാപെസ്റ്റ്, ഫെബ്രുവരി 3

രാജ്യദ്രോഹം, കരിഞ്ചന്തവ്യാപാരം എന്നീ കുററങ്ങൾക്കായി ഹംഗറിയിലെ പ്രീമേററ് (ആർച്ച്ബിഷപ്പിന്റെ പേരിലുള്ള കേസ്സിന്റെ വിസ്താരം ഇന്നു ഒരു സ്പെഷ്യൽ കോടതിമുമ്പാകെ ആരംഭിച്ചിരിക്കുന്നു. സ്പെഷ്യൽ കോടതിയിൽ പ്രസിഡൻറ്, ആർച്ചുബിഷപ്പ് എഴുതിയ ഒരു കത്തു വായിച്ചു. പ്രസ്തുത കത്തു താനെഴുതിയതാണെന്നു പ്രീമേററും സമ്മതിച്ചു മൊഴികൊടുത്തു.

ആ കത്തിൽ ആർച്ച്ബിഷപ്പ്, തന്റെ പേരിൽ ആരോപിക്കപ്പെട്ടിട്ടുള്ള കുററങ്ങളെല്ലാം ഏല്ക്കുകയും മേലിൽ അത്തരം പ്രവൃത്തികളിൽ ഏർപ്പെടുകയില്ലെന്നു പ്രസ്താവിക്കയും ചെയ്തിട്ടുണ്ട്. തന്റെ ഉദ്യോഗം രാജിവയ്ക്കാമെന്നും സ്റ്റേററും പള്ളിയും തമ്മിൽ ഐക്യമുണ്ടാക്കാനു സാദ്ധ്യമാണെന്നു തനിക്കു ബോദ്ധ്യമായി കഴിഞ്ഞിരിക്കുന്നു വെന്നു പ്രസ്താവിക്കാനും തന്നെ സ്വതന്ത്രനാക്കി വിടണമെന്നു് അപേക്ഷിക്കയുമാണു ആ കത്തിൽ പ്രീമേററുചെയ്തിരിക്കുന്നതു്. കോടതി പ്രസ്തുത അപേക്ഷ തള്ളിക്കളഞ്ഞു.

(പി. ററി. ഐ. റായിട്ടർ)

മന്ത്രിസഭയിൽ അവിശ്വാസം

(സ്വന്തംലേഖകൻ)

ടി. കെ. ഗവർമ്മെന്റിന്റെ പൗരാവകാശധ്വംസനനടപടികളെ പ്രതിഷേധിക്കുവാൻ മണവാളക്കുറിച്ചി അന്തിച്ചന്ത മൈതാനത്തിൽവച്ച് 124 മകരം 20-ാംനു- വൈകുന്നേരം ആറരമണിക്ക് ഒരു പൗരമഹായോഗംകൂട്ടുകയുണ്ടായി. "ടി. കെ. സർക്കാർ ഒഴിക", "രാജ്യദ്രോഹികൾ ഒഴിക", "നയവഞ്ചകർ ഒഴിക" എന്നീ മുദ്രാവാക്യങ്ങളോടും, കരിങ്കൊടി പ്രകടനങ്ങളോടും ഒരു ജാഥ പലസ്ഥലങ്ങളിലും ചുററിത്തിരിഞ്ഞ് യോഗസ്ഥലത്തെത്തിച്ചേർന്നു. ശ്രീ. ജി. സി. ശേഖർ അദ്ധ്യക്ഷംവഹിച്ചു. മെ. എസ്സ്. ജോസ്, എസ്. എസ്. ചെട്ടിയാർ എന്നിവരുടെ പ്രസംഗങ്ങൾക്കുശേഷം താഴെകാണുന്ന പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കപ്പെട്ടു.

1. രാജഭക്തി.

2. സർ. സി. പി. യുടെ കുപ്രസിദ്ധമായ അടിയന്തിരാധികാരനിയമത്തിന്റെയും പത്രറ ഗ്രേഷനെറയും മറയിൽ നിർലജ്ജനിന്നുകൊണ്ട് പത്രസ്വാതന്ത്ര്യത്തിന്റെ നേരെ ഒരു വെല്ലുവിളിയെന്നോണം മലയാളിയുടെ ലൈസൻസ് റദ്ദുചെയ്യുകയും ജാമ്യത്തുക കണ്ടുകെട്ടുകയും ചെയ്തിരിക്കുന്ന നടപടികളെ ഈ യോഗം ശക്തിപൂർവം പ്രതിഷേധിക്കുന്നു.

3. നാഗർകോവിൽ കാൺഫറൻസിൽവച്ചുണ്ടായ തീരുമാനങ്ങൾക്ക് വിപരീതമായി തിരുവിതാംകൂർ പ്രധാനമന്ത്രി ശ്രീ. പററൂർ ടി. കെ കൈക്കൊണ്ടിരിക്കുന്ന നടപടികളെ ഈ യോഗം അപലപിക്കുകയും അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ ഈ യോഗത്തിനുള്ള അവിശ്വാസം രേഖപ്പെടുത്തുകയും ചെയ്യുന്നു.

4. ഈ നിശ്ചയങ്ങൾ അധികാരസ്ഥാനങ്ങളിലയച്ചുകൊടുക്കുവാനു അദ്ധ്യക്ഷനവർകളെ ചുമതലപ്പെടുത്തുന്നു.

യോഗസാധാരണമായ ചടങ്ങുകളോടുകൂടി 8 മണിക്ക് യോഗം സമംഗളം പിരിഞ്ഞു.

ബാങ്ക് നിയമനം

ഭാവനക്കൂർ ബാങ്കിന്റെ ഇപ്പോഴത്തെ മാനേജരെ സ്ഥലം മാററിയിട്ട് പകരം മി. ടി. എം വറുഗീസിന്റെ മരുകൻ മി. കോശിയെ നിയമിക്കുവാൻ ശ്രമം നടക്കുന്നതായി അറിയുന്നു. (മലയാളി)

എലക്ട്രിക്കൽ വകുപ്പ്

Roc. No. 1401/48/ P. W. B. 29th സെപ്തംബർ 48

പ്ര. സിക്രട്ടറിയേററ്, ഗവണ്മെന്റ് ഈ നമ്പരിൽ ഒരു ഇ. എസ്സ്. എൽ. സി ക്കാരനും ന്യൂനപക്ഷ സമുദായക്കാരനുമായ ഒരു മി. രായക്കമ്മത്തിനെ ടെലഫോൺ ഡിപ്പാർട്ടുമെൻറിൽ നിയമിച്ച് എല. എൻജിനീയർക്കു ഗവണ്മെന്റിൽനിന്നു് ആർഡർ അയച്ചു് ഏകദേശം 2 മാസം കഴിഞ്ഞപ്പോൾ, ഈ ആളിനെ പിരിച്ചുവിട്ടുകൊണ്ടു ഒരു സാറാമ്മദേവിഡിനെ തൽസ്ഥാനത്തു നിയമിച്ചുകൊള്ളണമെന്നൊരാർഡർ എല. എൻജിനീയർ ടെലഫോൺ എൻജിനീയർക്കയച്ചുകയും അതിൻപ്രകാരം സാറാമ്മദേവിഡിനെ നിയമിക്കുകയും ചെയ്തു. ജോലിനടത്തിപ്പിന്റെ വൈഷമ്യത്താൽ യാതൊരു പ്രായോഗിക പരിചയമോ കഴിവോ ഇല്ലാത്ത സാറാമ്മദേവിഡിനെ വച്ചു ജോലി നടത്തിക്കുന്നതു വിഷമമാണെന്നു T. E. 6/1938/ 26-11-48 നമ്പരായി ടെലഫോൺ എൻജിനീയർ എല. ക്ട്രിക്കൽ എൻജിനീയർക്കെഴുതിയപ്പോൾ ആർഡർ അനുസരിക്കുക എന്നു ഉത്തരവായതായി അറിയുന്നു. (മലയാളി)

മഹാത്മാ ഗാന്ധിയുടെ 'രാമരാജ്യ'ം

മി: ജയപ്രകാശ് നാരായണന്റെ വ്യാഖ്യാനം

പാററ്ന, ജനുവരി 31

"രാമരാജ്യ" ദിനാചരണം സംബന്ധിച്ചു ഇവിടെ കൂടിയ യോഗത്തിൽ മി ജയപ്രകാശ് നാരായണൻ ഒരു പ്രസംഗം ചെയ്തു. അദ്ദേഹം പറഞ്ഞു:-

ഇന്ത്യയിൽ എങ്ങിനത്തെ ഗവണ്മെന്റാണു് വേണ്ടതെന്ന കാര്യം നാനാജനവിഭാഗങ്ങളുടെ മനസ്സിനെ നാനാവിധത്തിൽ അലട്ടിക്കൊണ്ടിരിക്കുകയാണ്. സാമന്ത പ്രഭുക്കന്മാരും മുതലാളികളും തങ്ങളുടെ സ്വന്തം ഭരണം വേണമെന്നാഗ്രഹിക്കുന്നു. നാട്ടുരാജാക്കന്മാർക്കു തങ്ങളുടെ ഭരണമാണു് വേണ്ടതെന്നാണു് വിചാരം. ഇവ രണ്ടിൽ ഏതു വന്നാലും ബഹുജനങ്ങൾ അജ്ഞതയിലും കഷ്ടപ്പാടിലും തന്നെ കഴിഞ്ഞുകൂടേണ്ടി വരും. അതു് മഹാത്മാഗാന്ധി ഉദ്ദേശിച്ച ഭരണസമ്പ്രദായമല്ല. ആ ഗാന്ധിയുടെ "രാമരാജ്യ" ഭാവനയെക്കുറിച്ചു അർത്ഥക്കുഴപ്പമുണ്ടാവാനു വഴി വെച്ചിട്ടില്ല. മുതലാളിമാരുടേയോ സെമിന്ദാർമാരുടേയോ ഭരണം തനിക്കാവശ്യമില്ലെന്നുദ്ദേഹം സ്പഷ്ടമാക്കിയിട്ടുണ്ട്. രാഷ്ട്രത്തിന്റെ സമ്പത്ത് അതുണ്ടാക്കുന്നവക്ക് സമമായി വീതിച്ചുകിട്ടണമെന്നാണുദ്ദേഹത്തിന്റെ അഭിപ്രായം: അതിനുപററിയ ഒരു ഭരണം സമാധാനപരമായ സാമുദായിക വിപ്ലവം കൊണ്ടുണ്ടാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

രാഷ്ട്രത്തിന്റെ വിധി രൂപപ്പെടുത്തിവരുന്ന ഈ ഘട്ടത്തിലാണ് മഹാത്മാഗാന്ധിയുടെ സാന്നിദ്ധ്യം ഏററവുമേറെ ആവശ്യം. പരേതനായ ആ നേതാവിന്റെ വാക്കുകൾക്കു വളഞ്ഞ വ്യാഖ്യാനം നൽകുന്നവരുടെ കള്ളിപൊളിയ്ക്കാനു അദ്ദേഹം തന്നെ ഉണ്ടായേണ്ടതായിരുന്നു. അവർ തങ്ങൾക്കുള്ള കത്തിൽ അദ്ദേഹത്തെ വ്യാഖ്യാനിക്കുകയാണ്. അദ്ദേഹത്തിന്റെ തത്വങ്ങളും ആദർശങ്ങളും വകവയ്ക്കാതെ അദ്ദേഹത്തെ ആരാധിക്കുന്നവർ ഏററവും



കൃത്രിമഹൃദയം

പാരീസ്സ്, ഫെ: 5

മനുഷ്യഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും ജോലി നിർവ്വഹിക്കത്തക്ക ഒരു യന്ത്രം ഇവിടത്തെ ഒരു ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചിരിക്കുന്നു. ഫ്'റഞ്ച്' ആസ്പത്രികളുടെ ആവശ്യത്തിലേക്കായി ധാരാളമായുണ്ടാക്കാൻ ഏർപ്പാടു ചെയ്യുന്നുണ്ട്. വൻതരം ഓപ്പറേഷനുകൾക്കു ഇതുപയോഗിക്കുന്നതാണ്. പത്തു കൊല്ലത്തെ ഗവേഷണഫലമായി, സോർബോണിലെ എക്സ്പെരിമെന്റൽ ബയോളജി ഡയറക്ടർ പ്രൊഫസർ ആൻഡ്റേ തോമസ്സാണ് കണ്ടുപിടിച്ചത്. ഈ യന്ത്രവുമായി രക്തസിരകളെ ഘടിപ്പിക്കുന്നതുമൂലം, അവയവങ്ങളെ ചൈതന്യത്തോടുകൂടി നിലനിർത്താമെന്ന് അദ്ദേഹം അവകാശപ്പെടുന്നു. ഈ യന്ത്രത്തിന്റെ സഹായംകൊണ്ടു മൂന്നു ദിവസത്തോളം കക്കും കരളും പ്രവർത്തിച്ചിട്ടുണ്ടെന്നു പറയപ്പെടുന്നു. കൃത്രിമഹൃദയത്തിന്റെ മിടിപ്പു നിയന്ത്രിക്കുവാനുള്ള അനേകം ഡയലുകൾ അതിലുണ്ട്. ഈ യന്ത്രം മരണപ്രശ്നത്തിനു തന്നെ പരിഹാരമുണ്ടാക്കുവാൻ സഹായിച്ചേക്കുമെന്നാണ് പറയപ്പെടുന്നത്.

തിരു:പ്രക്ഷേപണപരിപാടി

ഫെബ്രുവരി 6-ാംനു- വൈകുന്നേരം— 7-ന് പ്രാരംഭഗാനം. 7-5ന് മലയാള നാടകം. 7-30-ന് ടി എൻ. സരസ്വതിഅമ്മ & പാർട്ടിയുടെ സംഗീതം. 8-ന് ഹിന്ദിപഠനം. 8-15 ന് പാഠകം. 8-45 ന് റിക്കാർഡുസംഗീതം. 9-ന് വഞ്ചീശമംഗളം.

ഫെബ്രുവരി 7-ാംനു- തിങ്കൾവൈകുന്നേരം— 7 ന് പ്രാരംഭഗാനം 7-5 ന് തിരുവാതിരക്കളിപ്പാട്ടുകൾ. 7-25ന് വേലുസ്വാമി ദീക്ഷിതർ & പാർട്ടിയുടെ വീണ 8-25 ന അക്ഷരശ്ലോകം 8-45 ന് റിക്കാർഡുസംഗീതം 9-ന് വഞ്ചീശമംഗളം.

പ്രസംഗിച്ചു നിന്ന ചിത്തരഞ്ജൻ

വിളക്കണച്ചിട്ടു പോലീസ്സിൽ നിന്നു രക്ഷപ്പെട്ടു

(സ്വ-ലേ)

അലപ്പുഴ, മകരം 22

അലപ്പുഴ വിദ്യാർത്ഥിയൂണിയന്റെ വാർഷികയോഗം ഇന്ന് സ്ഥലം എസ്: ഡി. വി. കോളേജ് ഗ്രൗണ്ട്സിവച്ച് സഖാവ് ഐസക്ക് തോമസ്സിന്റെ അദ്ധ്യക്ഷതയിൽ കൂടിയിരിക്കുന്നു അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗവും, കേരളം പത്രാധിപർ മി പന്തളം പി. ആർ. മാധവൻപിള്ളയുടെ പ്രസംഗവും കഴിഞ്ഞയുടനെ വിദ്യാർത്ഥിയൂണിയന്റെ പ്രസിഡണ്ട് സഖാവ് ചിത്തരഞ്ജൻ പ്രസംഗം ആരംഭിച്ചു. ഈ അവസരത്തിൽ ഒരു പഴയ വാറണ്ടുനടപ്പിച്ച് അദ്ദേഹത്തിനെ അറസ്റ്റുചെയ്യാനായി പോലീസ് രയ്യാറായി. തൽക്ഷണം വിളക്കുകൾ അണയുകയും, തന്മൂലമുണ്ടായ ഇരുട്ടിനിടയിൽ സഖാവ് ചിത്തരഞ്ജൻ അപ്രത്യക്ഷനാകുകയും ചെയ്തു. അന്വേഷണങ്ങൾ തുടരുന്നു.

ടികൾ ഹൈദരാബാദ് ഗവർമ്മെന്റ് ആരംഭിച്ചിട്ടുണ്ട്.

* * *

വാർദ്ധയിലെ സെന്ട്രൽ ആർഡിനൻസ് ഡിപ്പോവിൽ തീപിടിച്ചതിന്റെ ഫലമായി അനേകായിരം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

* * *

ജലന്ധർ, ധാർവാർ, കോഴിക്കോട് എന്നിവടങ്ങളിൽ ജൂൺ മാസത്തിൽ ഓരോ പ്രക്ഷേപണകേന്ദ്രം തുറക്കുന്നതാണ്.

* * *

ലണ്ടനിലെ ഡെയിലി വർക്കർ എന്ന പത്രത്തിന്റെ പത്രാധിപരായ മി: വില്യം റസ്സ് നിഷ്കാസനായിരിക്കുന്നു.

—:o:—

വാർത്താസംഗ്രഹം

എവറസ്റ്റാരോഹണത്തിനു ഒരു സ്വിസ്സ് സംഘം അടുത്ത വർഷത്തിൽ ഒരു പുതിയ ശ്രമം നടത്തുന്നതാണ്. 1938-ൽ ഏഴുപേരടങ്ങിയ ഒരു സംഘം 27300 അടി ഉയരത്തിൽ കയറിയിട്ടുണ്ട്.

* * *

പ്രസിഡണ്ട ട്രൂമാൻ, ബ്രി: പ്രധാനമന്ത്രി മി: അററ്ലി, ഫ്രഞ്ചുപ്രധാനമന്ത്രി മി: ഹെൻറി ക്വെയ്മിൻ എന്നിവർ ചേർന്നുള്ള ഒരു ചതുശ്ശക്തി സമ്മേളനത്തിൽ പങ്കെടുക്കാൻ മാർഷൽ സ്റ്റാലിൻ ഒരുക്കമാണെന്ന് മോസ്കോവിലെ കാര്യജ്ഞാനമുള്ള കേന്ദ്രങ്ങൾ വിശ്വസിക്കുന്നു.

* * *

ഫെബ്രുവരി 25-ാംനു- സർദാർ പട്ടേൽ ഹൈദ്രബാദ് സന്ദർശിക്കാനിടയുണ്ട്.

* * *

മഹാത്മജിയുടെ ചരമവാർഷികദിനത്തിൽ കറാച്ചിയിലുള്ള ഗാന്ധിപ്രതിമയുടെ പാദത്തിൽ ഹാരമർപ്പിക്കുവാൻ പാകിസ്ഥാൻ ഗവണ്മെന്റ് ഇന്ത്യൻ ഹൈക്കമ്മീഷണർക്ക് അനുവാദം കൊടുത്തില്ലെന്നു പറയപ്പെടുന്നു.

* * *

കേന്ദ്രഗവണ്മെന്റിന്റെ പ്രസിദ്ധീകരണ പ്രക്ഷേപണ വകുപ്പിന്റെ അക്ററിംഗ് ഡെപ്യൂട്ടി സെക്രട്ടറിയായ മി. ബി. എൽ. ശർമ്മയെ പ്രസിദ്ധീകരണവകുപ്പധ്യക്ഷനായി നിയമിച്ചിരിക്കുന്നു.

* * *

സിൻഡു പ്രധാനമന്ത്രി പീർ അല്ലാഹിഭക്ഷ് രാജിവെച്ചിരിക്കുന്നു. അതിനെത്തുടർന്ന് അവിടത്തെ പ്രതിരോധമന്ത്രി റവന്യൂമന്ത്രി ഇവർ ചേർന്ന് ഒരു ഇടക്കാലമന്ത്രിസഭ രൂപവൽക്കരിക്കുകയുണ്ടായി.

* * *

കമ്മ്യൂണിസ്റ്റുകളുമായി വെവ്വേറെ സമാധാന ഉടമ്പടിയിൽ ഏർപ്പെടാൻ പാടില്ലെന്ന് എല്ലാ പ്രാദേശിക സഭാംഗങ്ങളുടും ചൈനീസ് ഗവണ്മെന്റ് ആജ്ഞാപിച്ചിട്ടുള്ളതായി അറിയുന്നു

* * *

ജപ്പാന്റെ സാമ്പത്തിക പുനരുദ്ധാരണപദ്ധതി ത്വരിതപ്പെടുത്തുന്നതിനായി അമേരിക്കൻ ബാങ്കിംഗ് വിദഗ്ദ്ധന്മാരാൽ അനുഗതനായി അമേരിക്കൻ യുദ്ധകാല സെക്രട്ടറി മി. കെന്നത്ത് റോയൽ ടോക്കിയോവിൽ എത്തിയിരിക്കുന്നു.

* * *

ഭക്ഷ്യധാന്യങ്ങളുടെ കരിഞ്ചന്തവ്യാപാരം നിരോധിക്കുന്നതിനുവേണ്ടി ഒരു ബിൽ മദ്രാസ് ഗവണ്മെന്റ് തയ്യാറാക്കി വരുന്നതായി ഭക്ഷ്യകാര്യമന്ത്രി ഡാ: ടി. എസ്സ്. എസ്സ്. രാജൻ പ്രസ്താവിക്കുന്നു.

* * *

കാശ്മീരിലെ ജനഹിതപരിശോധന നയിക്കുവാനു ജനറൽ ഐസന്ഹോവറുടെ സഹോദരനെ എട്ടത്തേക്കാനിടയുണ്ടെന്നു കേൾക്കുന്നു.

* * *

കാശ്മീർ ജനഹിത പരിശോധനയിൽ ജയംനേടാനുള്ള പരിശ്രമങ്ങൾ പാകിസ്ഥാനു ആരംഭിച്ചുകഴിഞ്ഞു. "ഇസ്ലാം അപകടത്തിൽ" എന്ന പഴയ മുദ്രാവാക്യം തന്നെയാണ് അവരുടെ പ്രധാന പ്രചാരണായുധമെന്നു പറയപ്പെടുന്നു.

* * *

അററ്ലാന്റിക് ഉടമ്പടി പ്രകാരം ഇംഗ്ലണ്ടിലുള്ള ലിവർപൂൾ അമേരിക്കൻ സൈന്യത്തിന്റെ നാവികത്താവളമായിരിക്കും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

* * *

മത്സരക്കളികൾക്കുപയോഗിക്കുന്ന വളരെ പററുന്ന ഒരു തരം സൈക്കിൾ സൂപ്പർ ക്ലബ് എന്ന ഒരു ബെർമിങ്ങാം കമ്പനി ഉണ്ടാക്കിയിരിക്കുന്നു. അതിവേഗത്തിൽ ഓടിക്കാൻ കഴിയുന്ന ഇതിന്റെ ആകെ തൂക്കം 24 റാത്തലിൽ കുറവാണത്രേ.

* * *

പെൻസിലിൻ നിർമ്മാണശാലകൾ തുറക്കുന്നതിനുവേണ്ടി ഇന്ത്യാഗവർമ്മെന്റിന്റെ ക്ഷണമനുസരിച്ച് സ്വീഡനിൽനിന്ന് മൂന്നു പെനിസിലിൻ വിദഗ്ദ്ധന്മാർ ഡെൽഹിയിലെത്തിയിരിക്കുന്നു.

* * *

ഡർബാൻ അഭയാർത്ഥി ക്യാമ്പിന്റെ പ്രവർത്തനം സംബന്ധിച്ച് പണ്ഡിററ് നെഹ്റു പുറപ്പെടുവിച്ച പ്രസ്താവനയ്ക്ക് മറുപടിയായി ഡാ: മലാൻ അടുത്തതന്നെ ഒരു പ്രസ്താവന പുറപ്പെടുവിക്കുമെന്നറിയുന്നു.

* * *

ഇന്ത്യാഗവർമ്മെന്റിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ലാന്ഡ്സ് മി: എം. എച്ച്. ഹിൻറനേയും അദ്ദേഹത്തിന്റെ അസിസ്റ്റന്റിനെയും കൃഷ്ണലിക്കററം ചുമത്തി ബോംബെകോടതിയിൽ ഹാജരാക്കി. അയ്യായിരവും പതിനയ്യായിരവും രൂപയുടെ ജാമ്യത്തിലാണ് അവർ വിമുക്തരായത്.

* * *

25000 രൂപ വരെ മുതലെടുപ്പുള്ള ജാഗിർകളെല്ലാം കൈവശപ്പെടുത്താനു വേണ്ട നടപടികൾ ഹൈദരാബാദ് ഗവർമ്മെന്റ് ആരംഭിച്ചിട്ടുണ്ട്.

* * *

വാർദ്ധയിലെ സെന്ട്രൽ ആർഡിനൻസ് ഡിപ്പോവിൽ തീപിടിച്ചതിന്റെ ഫലമായി അനേകായിരം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

* * *

ജലന്ധർ, ധാർവാർ, കോഴിക്കോട് എന്നിവടങ്ങളിൽ ജൂൺ മാസത്തിൽ ഓരോ പ്രക്ഷേപണകേന്ദ്രം തുറക്കുന്നതാണ്.

* * *

ലണ്ടനിലെ ഡെയിലി വർക്കർ എന്ന പത്രത്തിന്റെ പത്രാധിപരായ മി: വില്യം റസ്സ് നിഷ്കാസനായിരിക്കുന്നു.

—:o:—

എട്ടുശാസ്ത്രഗ്രന്ഥങ്ങൾ

1. ഹിപ്പ്നോട്ടിസം (മെസ്മറിസം)
മനുഷ്യരെ ഉറക്കുക, മരംപോലെ മരവിപ്പിക്കുക, രോഗം ഭേദമാക്കുക മുതലായവ സവിസ്തരം വിവരിച്ചിരിക്കുന്നു. പ്രാരംഭപാഠം 3 രൂപാ-ഉപരിപാഠം 3 രൂ 8 ണ.

2. സ്വപ്നജാതകം:- മലയാളം അറിയാവുന്ന എല്ലാവർക്കും ജ്യോതിഷം പഠിച്ചു ഫലം അറിയാൻ പററിയഗ്രന്ഥം. ഒന്നാം രണ്ടും ഭാഗങ്ങൾ 4 രൂപാ.

3. സ്വപ്നശാസ്ത്രം:- എല്ലാ സ്വപ്നങ്ങളും അതിന്റെ ശരിയായ അർത്ഥവും വിവരിക്കുന്നു. 1രൂ 12 ണ.

4. ഗൗളിശാസ്ത്രം:- പല്ലിചൊല്ലിന്റെ അർത്ഥം 2 രൂ.

5. നിമിത്തമാർഗ്ഗം:- ലക്ഷണം, നിമിത്തം ശകുനങ്ങൾ ആദിയായവ. 1 രൂ. 12 ണ.

6. ഹസ്തരേഖാശാസ്ത്രം:- കൈറോവിന്റെഹസ്തരേഖാശാസ്ത്രം സമ്പൂർണ്ണം. 2 രൂ. 8 ണ.

7. ശകുനശാസ്ത്രം:- ശകുനം ലക്ഷണം ആദിയായവ. 2 രൂപാ.

8. കാമസൂത്രം:- ഒന്നാംതരം രതിശാസ്ത്രം. 2 രൂ 8 ണ.

എല്ലാററിനും വി. പി. ചിലവു പുറമെ.

ഓറിയൻറ് അഡ്വർട്ടൈസേർസ് ലിമിററഡ്., കെ. കെ. റോഡ്, കോട്ടയം.

ദി ഈസ്റേറൺ മെർക്കൻറയിൽ ബാങ്ക് (ക്ലിപ്തം)

ഹെഡാഫീസ്:- ചങ്ങനാശ്ശേരി.

ബ്രാഞ്ചുകൾ:— അലുവാ, കുമ്പനാട്, തിരുവല്ല, വാഴൂർ.

സകലവിധ ബാങ്ക് ഇടപാടുകളും നടത്തുന്നതാണ്. ആദായകരമായ പലിശനിരക്കിൽ എല്ലാവിധ ഡിപ്പോസിററുകളും സ്വീകരിക്കുന്നതാണ്. കൂടുതൽവിവരങ്ങൾ ഹെഡാപ്പീസിലോ ബ്രാഞ്ചുകളിലോ അവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

ഇ. കെ. നാരായണപിള്ള, മാനേജിംഗ് ഡയറക്ടർ.

പരസ്യം

സിവിൽ പലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതുകക്ഷിക്ക് നോട്ടീസ്.

കോട്ടയം ജില്ലാ കോർട്ടിൽ 1099-ാമാണ്ട് അസ്സൽ 123-ാം നമ്പർ.

ഹർജിക്കാരൻ:—തിരുവിതാംകൂർ സർക്കാരിന് വേണ്ടി കോട്ടയം ഗവണ്മെന്റ് പ്ലീഡർ.

3-ാംവാദി:—ചെങ്ങന്നൂർ വടക്കേക്കര പകുതി മഴക്കീറ് മേൽ മുറിയിൽ താമരപ്പള്ളിലായ കയ്യാലപ്പുക്കത്തു നിന്നും പരുത്തിക്കാട്ടു വീട്ടിൽ താമസം ഉണ്ടിട്ടുന്ന ഫിലിഫ്.

ടി 3-ാംവാദിയെതെയ്യപ്പെടുത്തുന്നത്.

ടി നമ്പർ വിധി നടത്തിച്ചു കൊടുക്കുന്ന ഉത്തരവുണ്ടാകണമെന്ന് സർക്കാർ ബോധിപ്പിച്ചിരിക്കുന്നു 11 ഹർജി സംഗതി 124-ാമാണ്ട് കുംഭമാസം 11-ാംനു- വിചാരണക്ക് വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 12 മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ എജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്ത പക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിനു പ്രകാരം
ശിരസ്തദാർ (ഒപ്പ്)

124-ാമാണ്ട്
മകരമാസം 21-ാംനു-

എസ്. പി. സി. ക്ലിപ്തം, തൊടുപുഴ:

ഏജൻസി { 1. P. S. Gopala Pillai, ഭാരത ഏജൻസി ക്ലിപ്തം, പാലാ.
2. Dr. V. P. Varghese, വലിയകളങ്ങര മെഡിക്കൽസ്റ്റോഴ്സ്, കുത്താട്ടുകുളം.

"ആയുർവേദ ഔഷധങ്ങളുടെ യഥാർത്ഥ ഗുണങ്ങൾക്കു എസ്. പി. സി. ഔഷധങ്ങൾ സാക്ഷ്യം വഹിക്കുന്നു."

"ധാതുസാർ"
(വിശിഷ്ടമൂലികകൾ, ലോഹഭസ്മങ്ങൾ, ജീവകങ്ങൾ etc.) സപ്തധാതുക്കളേയും ഏകകാലത്തിൽ വർദ്ധിപ്പിക്കുന്ന വിശിഷ്ടമായ ടാണിക്. ഉഷ്ണരോഗങ്ങൾ, വാതവികാരങ്ങൾ, ക്ഷയം, നാഡിക്ഷീണം, ചതവ്, അർശ്ശസ്സിൽനിന്നുള്ള രക്തസ്രാവം, മലബന്ധം ഇവയെ മാററുന്നു. ശരീരപുഷ്ടിക്കും ഉല്പാദനേന്ദ്രിയബലത്തിനും ഉത്തമോത്തമം. 1 lb കുപ്പി 6 ക.

"ബാലകല്പം"
(ഉരുക്കു തുടങ്ങിയ നാല്പതരം ലോഹഭസ്മങ്ങൾ, കാസ്യം, ജീവകങ്ങൾ etc.) ശിശുക്കളുടെ കരൾവീക്കം, ശ്വാസംകുണ, കുടൽസംബന്ധിച്ച കൃമികൾ, ദഹനക്ഷയം, വിളർച്ച, വയറുനോവ്, ഹൃദയക്ഷീണം, നിര്, നെഞ്ചുകൂടുകെട്ടുക, ചുമ, ജ്വരം ആദിയായ രോഗങ്ങളെ നിശ്ശേഷം ശമിപ്പിച്ച ശരീരപുഷ്ടിനൽകുന്ന വിശിഷ്ട ഔഷധം. 1 lb കുപ്പി 8 ക.

"പുഷ്യാ"
(മൂലികകൾ, ധാതുദ്രവ്യങ്ങൾ, ജീവകങ്ങൾetc:) ആർത്തവതുടിക്കും അകാലത്തിൽ ആർത്തവം നഷ്ടപ്പെട്ടവർക്കും വിശേഷം. അസ്ഥിസ്രാവം, രക്തദുഷ്യം, വിളർച്ച, മൂത്രച്ചുട്ട്, വയറെരിച്ചിൽ, വയറുനോവ്, ഇവ നിശ്ശേഷം ഭേദപ്പെടുത്തി ഗർഭാശയ ശുദ്ധിയും ആരോഗ്യവും നൽകുന്ന ഫലപ്രദമായസിദ്ധൗഷധം. 1 lb. കുപ്പി 5 ക.

വിധിപ്രകാരം ശ്രദ്ധാപൂർവ്വം തയ്യാറായ ഭസ്മസിന്ദൂരങ്ങൾ, ഘൃതങ്ങൾ, ദിയായ ഔഷധങ്ങൾ തയ്യാറുണ്ട്. സ് അയച്ചു് ആവശ്യപ്പെടുക.

THE SUSRUTHA PHARMACEUTICAL CORPORATION LTD. THODUPUZHA

റാക്കപ്പെട്ടതും ഇണോൽകൃഷ്ടങ്ങളുമായ തൈലങ്ങൾ, ആസവാരിഷ്ടങ്ങൾ ആവിലയുടെ 1/4 എങ്കിലും അഡ്വാൻസ്

മാനേജർ.

Telegrams:- "ACCURATE." Telephone 821

THE CENTRAL AUTO PARTS CO.,

Direct Importers & Automobile Specialists,
26 General Patters Road,
Mount Road, Madras.

Telegrams:- ACCURATE; Telephone;-79

Branch:- 2/519, Avanasi Road, COIMBATORE.

We are the largest stockists of *Genuine* Spare parts for Ford, Chevrolet & other Continental Trucks, as well as for all English & American cars, batteries, Garage equipments and machine tools are available with us at all times and are sold at very COMPETITIVE RATES

Enquire us
before you make your choice elsewhere

YOUR SATISFACTION IS OUR ASSET.

ചീഫ്വൈദ്യൻ
എസ്സ്. എസ്സ്. പിള്ള.

രക്ഷാകേന്ദ്രം

ശശാങ്ക മൂത്രാശയരോഗങ്ങൾ പിടിപെട്ട് യാതൊന്നുകൊണ്ടും ആശ്വാസം കാണാതെ പരവശപ്പെട്ട് വലയുന്ന സഹോദരസഹോദരന്മാർക്കു പുണ്ണ്യാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണ് ശശാങ്ക: സ്ഖലനം, പഴുപ്പുപോക്ക്, പ്രമേഹം മൂത്രച്ചുട്ട്, മൂത്രത്തിലുള്ള അടിവ് (കലക്കൽ), വയറെരിച്ചിൽ അസ്ഥിസ്രാവം (സ്ത്രീകൾക്കുണ്ടാവുന്ന വെള്ളപോക്ക്), രക്തംപോക്ക് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരു പോലെ ആശ്വാസകരം:

24 നേരത്തേക്കുള്ള പാക്കററിന്നു വില രൂപാ 3: പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം:

N. B. പഴക്കമേറിയ രോഗങ്ങൾക്കു കമ്പ്ളീററ്കോഴ്സു മൂന്നു മാസമാണ്.

വിജയാ ഫാർമസി,

H. O. തട്ടാരമ്പലം, P. O. മാവേലിക്കര, തിരുവിതാംകൂർ.

രോഗവിവരക്കുത്തുകൾ ചീഫ്വൈദ്യൻ എസ്. എസ്: പിള്ള, വിജയാഫാർമസി, മാവേലിക്കര എന്ന വിലാസത്തിലെഴുതുക:

ഡിപ്പോസിററു വയ്ക്കാൻ തയ്യാറുള്ള പുതിയ ഏജൻററന്മാരെ

ആവശ്യമുണ്ട്

ബാലരാമപുരം, നേമം, ചിറയിൻകീഴ്, കൊല്ലം, കരുനാഗപ്പള്ളി, കോട്ടയം, കായംകുളം, മാവേലിക്കര, ആലപ്പുഴ, ഹരിപ്പാട് ഈ സ്ഥലങ്ങളിലേക്ക്.

കലാനിധി ആഫീസ്, തിരുവനന്തപുരം.

THE DESABANDHU

വരിസംഖ്യ

(എപ്പോഴും മുൻകൂർ)

	രൂ.	ണ.	സ.
ഏജൻസിവഴി	1	12	0
തപാലിൽ	2	0	0
അഞ്ചലിൽ	1	14	0

ഒററപ്രതി 2ചക്രം

ശ്രീ. പനമ്പള്ളിയുടെ വിശകലനം

പുതിയ ഇന്ത്യൻ ഭരണഘടനയനുസരിച്ച് കേരളസംസ്ഥാനം സ്ഥാപിതമാകുന്നതിന്നു് വേണ്ട നടപടികൾ

1955-ലെ പൊതുതെരഞ്ഞെടുപ്പിനു മുൻപ് ഒന്നും സാദ്ധ്യമല്ല

കേരളസംസ്ഥാന രൂപീകരണത്തെപ്പററി കൊച്ചിയിലെ ധനകാര്യ—നിയമവകുപ്പുമന്ത്രി ശ്രീ. പനമ്പിള്ളി മേനോൻ ചെയ്തിട്ടുള്ള ഒരു പ്രസിദ്ധീകരണത്തിൽ ഇങ്ങനെ പറഞ്ഞുകാണുന്നു:—

പുതിയ ഇന്ത്യൻ ഭരണഘടനയനുസരിച്ച് കേരളസംസ്ഥാനം സ്ഥാപിതമാകണമെങ്കിൽ, താഴെ ചേർത്ത നടപടികൾ ഓരോന്നായി പൂർത്തിയാകണം.

1. ഭരണഘടന പാസ്സാവുക (ഇതു 1949 ആഗസ്റ്റിൽ കഴിയുമെന്നു് വിചാരിക്കാം.)

2. ഭരണഘടനയനുസരിച്ച് തെരഞ്ഞെടുപ്പുകൾ നടന്നു് കേന്ദ്രത്തിലും പ്രൊവിന്നുകളിലും പുതിയ നിയമസഭകളുണ്ടാവുക. (ഇതു് 1950 മദ്ധ്യത്തിൽ കഴിയുമെന്നു് വിചാരിക്കാം.)

3. കേന്ദ്രത്തിൽ അവിർഭവിക്കുന്ന പുതിയ ക്യാബിനററു് കേരളസംസ്ഥാനം സ്ഥാപിക്കണമെന്നു് പ്രസിഡണ്ടിനെ ഉപദേശിക്കുക (ഇതു് അന്നത്തെ ക്യാബിനററിന്റെ അഭിപ്രായഗതിയും ഇന്ത്യയിലെ അഭ്യന്തരസ്ഥിതിയും രാജ്യാന്തര സ്ഥിതികളും അനുസരിച്ചു ഉണ്ടായി എന്നും നീണ്ടുപോയി എന്നും വരാം. അനുകൂലപരിതസ്ഥിതികളിൽ 1950 അവസാനത്തോടുകൂടി ഈ പടിയും കടക്കാമെന്നു വിചാരിക്കാം).

4. പ്രസിഡണ്ടു മദിരാശിയിലെ നിയമസഭകളുടെ അഭിപ്രായം നേടുകയും കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളുടെ അനുമതി നേടുകയും ചെയ്യുക. (ഇതു് 1951-ൽ പൂർത്തിയാകാം.)

5. കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളുടെ അനുമതിയുണ്ടെങ്കിൽ ബില്ലവതരിപ്പിച്ചു പാസ്സാക്കുക. (ഇതു് 1952-ൽ പൂർത്തിയാകാം.)

1952-ൽ ബില്ല പാസ്സാവുക അനുകൂല പരിതഃസ്ഥിതികൾ തികഞ്ഞിരുന്നാൽ മാത്രമാകുന്നു. ഒരു രാഷ്ട്രത്തിന്റെ ചരിത്രത്തിൽ അവിചാരിതമായി ഉണ്ടായേക്കാവുന്ന പല സംഭവങ്ങളും ഇതിനിടയിൽ നീട്ടിനീട്ടി കൊണ്ടുപോയേക്കാം. 1950-ൽ പൊതുതെരഞ്ഞെടുപ്പു കഴിഞ്ഞാൽ പിന്നത്തെ പൊതുതെരഞ്ഞെടുപ്പ് 1955-ലാണുണ്ടാവുക. 1955-നു രണ്ടോ മൂന്നോ കൊല്ലങ്ങൾക്കുമുമ്പ് ബില്ല പാസ്സായാൽക്കൂടി, 1955-ലെ പൊതുതെരഞ്ഞെടുപ്പോടുകൂടി, മാത്രമാണു് പുതിയ ഭരണഘടന വ്യവസ്ഥകളനുസരിച്ചു കേരളസംസ്ഥാനമെന്നല്ല ഏതു പുതിയ സംസ്ഥാനവുമുണ്ടാവുക.

വിദ്യാർത്ഥി പ്രതിഷേധം

കോട്ടയം, മകരം 23

കോട്ടയം എം. ററി. സിമ്മനാരി ഇംഗ്ലീഷ് ഹൈസ്കൂളിലെ ഏതാനും പൂർവവിദ്യാർത്ഥികൾ ഇങ്ങനെ അറിയിക്കുന്നു:—

മൂന്നുകൊല്ലം മുൻപു നടത്തേണ്ടതായിരുന്ന പ്രസ്തുത വിദ്യാലയത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷം പ്രമാണിച്ച്, ഒട്ടേറെ ക്ലേശങ്ങൾ സഹിച്ചു സംഭാവനകൾ ശേഖരിച്ചു വിദ്യാലയധികൃതന്മാരെ ഏൽപ്പിച്ചിട്ടുള്ള കൂട്ടത്തിലാണു് ഞങ്ങളും. എന്നാൽ, കഴിഞ്ഞ മൂന്നുദിവസമായി നടന്ന ജൂബിലി ആഘോഷങ്ങളിലേയ്ക്കു്, ചില പത്രങ്ങൾ മുഖേന പൂർവവിദ്യാർത്ഥികളെ ക്ഷണിച്ചിരുന്നതനുസരിച്ചുസന്നിതരായ ഞങ്ങൾക്കു്, മേല്പറഞ്ഞവിധം ബുദ്ധിമുട്ടി പണപ്പിരിവു നടത്തിക്കൊടുത്ത പൂർവവിദ്യാർത്ഥികളെന്ന നിലയിൽ അർഹിക്കുന്ന പരിഗണനകളൊന്നും ലഭിച്ചില്ലെന്നു മാത്രമല്ല, മററു സന്ദർശകർക്കു സിദ്ധിച്ച സൗകര്യസ്വീകരണങ്ങൾപോലും കിട്ടാതെ പോവുകയാണുണ്ടായതു്. ഞങ്ങളുടെ പൂർവവിദ്യാലയത്തോടും അദ്ധ്യാപകന്മാരോടും ഉള്ള ആദരവുമൂലം, ഞങ്ങൾക്കനുഭവപ്പെട്ട ഈ അനാദരവിനെ പരസ്യമായി പ്രതിഷേധിക്കുവാൻ തയ്യാറാകാതിരിക്കയാണു ചെയ്തതു്. ഞങ്ങളുടനുവർത്തിക്കപ്പെട്ട ഈ അപമര്യാദയെ ഇങ്ങനെയെങ്കിലും പ്രതിഷേധിക്കേണ്ടതു ഞങ്ങളുടെ ആത്മാഭിമാനരക്ഷണത്തിനു ആവശ്യമാകയാൽ ഈ പ്രസ്താവന പുറപ്പെടുവിക്കുന്നതാണു്.

കൊലാപ്പൂർ ലയിപ്പിക്കൽ

ബോംബെ, ഫെബ്രുവരി 5

കൊലാപ്പൂർ അഡ്മിനിസ്ട്രേററർ ക്യാപ്ററൻ നഞ്ചപ്പ ഇന്നലെ ബോംബെ അഭ്യന്തരവകുപ്പുമന്ത്രിയായ മി. മൊറാർജി ദേശായിയെ സന്ദർശിച്ചു് കൊലാപ്പൂർരാജ്യം ബോംബയിൽ ലയിപ്പിക്കുന്നതു സംബന്ധിച്ചു് സംഭാഷണങ്ങൾ നടത്തിയിരിക്കുന്നു. ഈ വിഷയത്തെ പരാമർശിച്ചുകൊണ്ടു് അഡ്മിനിസ്ട്രേററർ പറഞ്ഞതു് അവിടത്തെ ജനങ്ങൾ ഈ സംഭവത്തെ സന്തോഷത്തോടും സംതൃപ്തിയോടും വീക്ഷിക്കുന്നു എന്നാണു്. (ഏ. പി)

മലമ്പനിതടയാൻ

ന്യൂഡെൽഹി ഫെബ്രുവരി 5

മലമ്പനി നിരോധനത്തിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ ഇൻഡ്യ തീരുമാനിച്ചിരിക്കുന്നു. ഇതുസംബന്ധിച്ചു് പ്രചരണപരിപാടികൾക്കും മററുമായി നാലു വിദഗ്ദ്ധസംഘങ്ങളെ ഇൻഡ്യയിലേയ്ക്കയയ്ക്കാനു അഖിലലോക ആരോഗ്യസംഘടനയുമായി ഏർപ്പാടു ചെയ്തിട്ടുണ്ടു്. (ഏ—പി)

ചന്ദ്രലേഖ ബോംബയിൽ

ഗവർണ്ണർ ഉൽഘാടനം ചെയ്തു

ബോംബെ, ഫെബ്രുവരി 4

ആനന്ദവികടൻ ഉടമസ്ഥൻ മി. വാസൻ നിർമ്മിച്ചിട്ടുള്ള ചന്ദ്രലേഖ എന്ന ചലച്ചിത്രത്തിന്റെ ഹിന്ദിപ്രതിപ്പു് ബാംബെ ഗവർണ്ണർ രാജാ സർ മഹാരാജസിംഗ് ഉൽഘാടനം ചെയ്തിരിക്കുന്നു. ഗവർണ്ണർക്കു് യുക്തമെന്നു തോന്നുന്ന ധർമ്മചെലവുകൾക്കായി മി. വാസൻ രണ്ടായിരം രൂപാ തദവസരത്തിൽ സംഭാവന ചെയ്യുകയുണ്ടായി.

വസ്തുലേല വിൽപ്പനപരസ്യം

കോട്ടയം ജില്ലാക്കോടതിയിൽ 122-ൽ ഡി. ആർ: പി. 16

ഹർജിക്കാർ, തൊമ്മൻ ആഗസ്തി മു— പേ. 2

എതുഹർജിക്കാർ: സുബ്രഹ്മണ്യയ്യൻ അനന്തരാമയ്യൻ മു പേ. 6

മേൽനമ്പറിൽ ഹർജിക്കാരുടെ വക ചങ്ങനാശ്ശേരി പെരുന്ന പടിഞ്ഞാറേഭാഗം മുറിയിൽ താഴത്തുപറമ്പു് പുരയിടങ്ങൾക്കും മേക്കു്, തൈപ്പറമ്പു് പുരയിടത്തിനും വടക്കു് പുഞ്ചയ്ക്കും കരിവേലിയ്ക്കും കിഴക്കു് കരിച്ചിറ പുരയിടത്തിനുംതെക്കു് 228/18-19സെന്റുള്ള കരിച്ചിറപ്പുരയിടവും 228/16-14സെന്റുള്ള കൊച്ചുതറപ്പുരയിടവും ദേഹണ്ഡങ്ങളും കൂടി 124 കുംഭമാസം 20-ാം തീയതി എന്റെ കോട്ടയം സത്യ, കവലയിലുള്ള ആപ്പീസിൽവച്ചു് പകൽ 3 മണിക്കു് പരസ്യമായി ലേലം ചെയ്യുന്നതാണു്. ലേലത്തിൽ ചേരേണ്ടവർ 25 രൂപാ നിരതദ്രവ്യം കെട്ടിവയ്ക്കണം. ലേലത്തിൽ പിടിക്കുന്നയാൾ വിലയുടെ നാലിലൊന്നു് ഉടനും ബാക്കി ഒരാഴ്ചയ്ക്കകത്തും കെട്ടണം.

എന്നു്, കമ്മീഷണർ

അഡ്വാക്കററ്

കെ. പി. വാസുപിള്ള [ഒപ്പ്]

പാചകവിധികൾ

(By ചടയമംഗലം S. A. പിള്ള & ദാമു)

20 തരം മധുരപലഹാരങ്ങൾ, 40 തരം മററു പലഹാരങ്ങൾ, 10 ശീതളപാനീയങ്ങൾ, 16 മത്സ്യക്കറികൾ, 16 മാംസക്കറികൾ, 15 മുട്ടക്കറികൾ, 10 കേക്കു്, 10 പച്ചടി, 12 പ്രഥമൻ, 8 നെയ്ച്ചോറു്, 12 ചട്ണി, 8 ബിസ്ക്കററു്, 8 ജാം, 6 പുഡിംഗ്, 12 തരം ഉപ്പിലിട്ടതു്, 10 തരം മെഴുക്കുപുരട്ടികൾ, മുതലായവയെപ്പററി ശാസ്ത്രീയമായി വിവരിക്കുന്നതു്.

വില 1 ക. 4 ണ.

വന്ദേമാതരം ബുക്ക്സ്റ്റാൾ, തൈക്കാട്ടു്, തിരുവനന്തപുരം.

വസ്തു വില്പാനുണ്ടു്

പുളിംകുന്നു പകുതിയിൽ സർവ്വേ 545/14-ാം നമ്പർ "ശ്രീമൂലമംഗലം" കായൽ 1/10 വീതം 40 ഏക്കർ 400 പറ പുഞ്ചനിലം വിൽപ്പാനുണ്ടു്. കൂടുതൽ വിവരത്തിനു അന്വേഷിക്കുക.

X C/o

ആർ. കുഞ്ഞുകൃഷ്ണപിള്ള
വലിയകാലാ പുത്തൻവീട്ടു്
കടപ്ല
കമ്പനാട്ടു് A. O.

വയസ്ക്കര ആയുർവിലാസം ഔഷധശാല, കോട്ടയം.

ബ്രാഞ്ചുകൾ:—തിരുവനന്തപുരം, ആലപ്പുഴ.
ഏജൻസികൾ:—വൈക്കം, അതിരമ്പുഴ.

ബ്രഹ്മശ്രീ മൂസ്സ് അവർകൾ ഇവിടെ എപ്പോഴും ഉണ്ടായിരിക്കും. രോഗവിവരം എഴുതിഅയച്ചാൽ ചികിത്സ നിശ്ചയിച്ചു് അറിയിക്കുന്നതാണു്. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കീട്ടുള്ള ഔഷധങ്ങൾ വിൽക്കപ്പെടും. ക്യാററലോഗിനു് ആവശ്യപ്പെടുക. മരുന്നുകൾ വി. പി. യായും അയയ്ക്കുന്നതാണു്.

ഹെഡാഫീസ് മാനേജർ.

സോമനാഥവടികം (Regd)

സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം മുതലായവയെ പരിഹരിച്ചു്, യുവത്വം, രതിസുഖം, ഇവ സമ്പാദിക്കുവാനു വിശേഷം. ഒരു മാസത്തേക്കു് 7 രൂപാ.
വൈദ്യകലാനിധി പി. എൻ. പിള്ള, സർക്കാർ ആയുർവ്വേദവൈദ്യശാല, പൊൻകുന്നം.

കാശ്മീർ കമ്മീഷൻ

ഏതാനും അംഗങ്ങൾ കറാച്ചിയിലെത്തി

കറാച്ചി, ഫെബ്രുവരി 5

യു. എൻ. കാശ്മീർ കമ്മീഷനിലെ നാലംഗങ്ങൾ ഇന്നലെ ലണ്ടനിൽനിന്നും കറാച്ചിയിലെത്തിയിരിക്കുന്നു. അവർ കറാച്ചിയിൽ ഏതാനും ദിവസം താമസിച്ചശേഷം ന്യൂഡെൽഹിയിലേക്കു പോകുന്നതാണു്.

കാശ്മീർപ്രശ്നം സമാധാനപരമായി പരിഹരിക്കപ്പെടുമെന്നു് വിശ്വസിക്കുന്നതായി കമ്മീഷനംഗങ്ങൾ ഇന്നലെ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പറയുന്നു. വെടിനിർത്തൽനിർദ്ദേശം നടപ്പിൽ വരുത്തുന്നതിൽ ഇൻഡ്യനും പാകിസ്ഥാനും ഗവണ്മെന്റുകൾ പ്രദർശിപ്പിച്ച സഹകരണമനോഭാവത്തിൽ കമ്മീഷൻ അഭിനന്ദനം രേഖപ്പെടുത്തി. വെടിനിർത്തൽനിർദ്ദേശം ഒരു ശാശ്വതസമാധാനത്തിനു് അടിസ്ഥാനമിടട്ടെന്നും അവർ കരുതുന്നു. (ഏ—പി)

ഹൈദ്രബാദിൽ

മിലിററി ഭരണം പേരിലെ ഉള്ളെന്നു് ജനറൽ ചൗധുരി

ഹൈദ്രബാദ്, ഫെബ്രുവരി 5

ഹൈദ്രബാദിലെ മിലിററി ഭരണം പേരിൽ മാത്രമെ മിലിററിഭരണം ആകുന്നുള്ളെന്നു് മിലിററിഗവർണ്ണർ മേജർ ജനറൽ ചൗധുരി പ്രസ്താവിച്ചിരിക്കുന്നു. ജനങ്ങൾക്കുള്ള ഒരു സാന്ദേശത്തിൽ അദ്ദേഹം പറയുന്നതു് നിയമസമാധാനങ്ങൾ പുനഃസ്ഥാപിക്കുന്നതിലാണു് ഭരണം പ്രധാനമായും വ്യാപൃതമായിരിക്കുന്നതെങ്കിലും ജനങ്ങൾക്കു് സുരക്ഷിതത്വവും സമാധിയും കൈവരുത്തുന്നതിനുള്ള മാർഗ്ഗങ്ങളെ അവഗണിച്ചിട്ടില്ലെന്നാണു്. വിദ്യാഭ്യാസപരിശ്ശീലനങ്ങൾ, ഭക്ഷ്യാൽപ്പാദനശ്രമങ്ങൾ, വിദ്യുച്ഛക്തി പദ്ധതികൾ തുടങ്ങിയ പല പരിപാടികളും ഗവർമ്മെന്റു് നടപ്പിൽ വരുത്തുന്നുണ്ടു്: ജന്മിവാഴ്ച സ്റ്റേററിൽനിന്നു നീക്കം ചെയ്യപ്പെട്ടു വരികയാണു്. തന്റെയും സഹപ്രവർത്തകരുടെയും ഹസ്തങ്ങളിൽ ജനങ്ങളുടെ താല്പര്യം സുരക്ഷിതമാണെന്നു് നൽകിയിരുന്ന ഉറപ്പിനെ അനുസ്മരിച്ചുകൊണ്ടു് ജനറൽ ചൗധുരി ഇങ്ങനെ തുടരുന്നു. "ഈ ഉറപ്പു് നിറവേററാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ടു്. അതിൽ വിജയിച്ചതായും കരുതുന്നു. ഹൈദ്രബാദിൽ ഒരിക്കൽക്കൂടി സമാധാനം പുനസ്ഥാപിതമായിരിക്കുന്നു. അവിടെ ഒരു മതേതരജനാധിപത്യരാജ്യം രൂപമെടുത്തു വരികയാണു്. (ഏ. പി)

ഇന്നത്തെ മൂന്നു് മഹാരോഗങ്ങൾ

ധനദുർമ്മോഹം, അധികാരഭ്രമം, അത്യാർത്തി എന്നിവയാണെന്നു് പ്ര: മന്ത്രി ശ്രീ. ടി. കെ

(സ്വ—ലേ)

കോട്ടയം, മകരം 24

"വിദ്യാഭ്യാസ നവീകരണപ്രശ്നം വിദ്യാഭ്യാസ വിദഗ്ദ്ധന്മാരുടെ പര്യാലോചനയിൽ ഇരിക്കുകയാണു്. തിരുവിതാംകൂർ ഭാരതത്തിന്റെ ഒരവിഭാജ്യ ഘടകമായിരിക്കുന്നിടത്തോളംകാലം നാംതന്നെ ഒരു നയപരിപാടി രൂപീകരിക്കുക സാദ്ധ്യമാണോ? അങ്ങനെ ഒരു നയരൂപീകരണം അഖിലേന്ത്യാടിസ്ഥാനത്തിലായിരിക്കണമെന്നുള്ളതിൽ അർക്കും സംശയമുണ്ടാകുമെന്നു തോന്നുന്നില്ല. അഖിലേന്ത്യാ അടിസ്ഥാനത്തിൽ രൂപീകൃതമാകുന്ന വിദ്യാഭ്യാസനയം ഇന്നല്ലങ്കിൽ നാളെ സ്വീകരിക്കേണ്ടതായി വരുമെന്നുള്ളതിനു സംശയമില്ല ഈ നിലയ്ക്കു് മൗലികമായ ഒരു തീരുമാനം ചെയ്യേണ്ടതു് ന്യായമാണോ എന്നു ചിന്തിക്കേണ്ടതുണ്ടു്" എന്നാണു് ഇന്നലെരാവിലെ 11 മണിക്കു നടന്ന എം. ററി. സിമ്മനാരി ഹൈസ്കൂൾ സുവർണ്ണജൂബിലി സംബന്ധിച്ച പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചുകൊണ്ടു് പ്രധാനമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള പ്രസ്താവിച്ചതു്

അദ്ദേഹം തുടർന്നു:— ധനദുർമ്മോഹം, അധികാരഭ്രമം, അത്യാർത്തി എന്നീ മഹാരോഗങ്ങളാണു് സാധാരണ ജനങ്ങളെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നതെന്നുള്ള ഒരു ചിന്തകന്റെ അഭിപ്രായം ശരിയാണെന്നു എനിക്കും തോന്നുന്നു. (ലോകത്തിൽ പ്രസ്തുത രോഗങ്ങൾ മൂലമുണ്ടായ നാശങ്ങളെപ്പററി അദ്ദേഹം വിവരിച്ചു) ഇനിയുള്ള തലമുറ എങ്കിലും ഈ മഹാരോഗങ്ങൾ പിടിപെടാതെ മാറിനിൽക്കേണ്ടതിന്റെ ആവശ്യകതയെ പരാമർശിച്ചുകൊണ്ടു് ചിന്താശീലമുള്ള വിദ്യാർത്ഥികൾക്കതു സാധിക്കും എന്നു പ്രസ്താവിക്കുകയുണ്ടായി അദ്ദേഹം ഇപ്രകാരം തുടർന്നു.

സൃഷ്ടിപരമായ പ്രവർത്തനമാണു് ആവശ്യമെന്നു് സംഭവപരമ്പരകളെപ്പററി അറിവുള്ളവർക്കു് മനസ്സിലാക്കുവാൻ കഴിയും. സൃഷ്ടിപരമായി പ്രവർത്തിക്കുവാൻ വിദ്യാർത്ഥികൾക്കുകഴിവുണ്ടു്. അടുത്ത വെക്കേഷൻകാലത്തു് ഗ്രാമപ്രദേശങ്ങളിൽ ഇറങ്ങി സമുദായസേവനം ചെയ്യണം. കർഷകരേയും വിദ്യാഭ്യാസമില്ലാത്തവരേയും ജീവിതത്തിലെ നിഷ്കളങ്കമായ സാധുജന സേവനത്തിനുപയോഗിക്കാതിരുന്നാൽ തിരുവിതാംകൂറിന്റെ ഭാവി എങ്ങോട്ടാണെന്നു എനിക്കുതന്നെ ഭയം തോന്നുന്നു. വിദ്യാർത്ഥികൾ സമുദായസേവനത്തിൽ പ്രവേശിച്ചു വിപ്ലവത്തെക്കാൾ സ്ഥായിയായ പ്രയോജനം വിഎളുപ്പത്തിൽ സാധിക്കാൻ കഴിയും. തിരുവിതാംകൂറിന്റെ ഭാവി യുവജനങ്ങളിൽ—വിദ്യാർത്ഥികളിലാണു് സ്ഥിതിചെയ്യുന്നതു്, അതിനായി വിദ്യാർത്ഥികളെ ഞാനാഹ്വാനംചെയ്യുന്നു, എല്ലാ കാര്യങ്ങളെപ്പററിയും ചിന്തിച്ചു് അവരുടെ കഴിവുകൾ മനുഷ്യസേവനത്തിനു പയോഗിക്കണം.

ശിഥിലീകൃത ശക്തികളെ നിർമ്മാർജ്ജനം ചെയ്യേണ്ടതു് കടമയാണു്. സാധുജന സേവനം ചെയ്യുന്ന സ്ത്രീകൾ സമുദായത്തിൽ ഒരു ശതമാനംപോലും ഉണ്ടായിരിക്കുമോ എന്നു സംശയമാണു്. അവർക്കും ഒരു കടമയുണ്ടു്, അതു അവർ നിർവഹിക്കുന്നു.

എം. ററി. സിമ്മനാരി ഹൈസ്കൂളിനു തെക്കുവശം മൈതാനത്തു കെട്ടിയലങ്കരിച്ചിരുന്ന വിശാലമായ പന്തലിൽവെച്ചാണു് യോഗം നടന്നതു്. വെറി. റവ: വി. പി. മമ്മൻ കശീശയാണു് സ്വാഗതപ്രസംഗം ചെയ്തതു്. അദ്ദേഹം വിദ്യാർത്ഥികളുടെ സ്പൈക്കിനെ പരാമർശിച്ചുകൊണ്ടു പറഞ്ഞതു് അപ്രകൃതമായ ഏതൊരു കാര്യസാദ്ധ്യത്തിനുവേണ്ടി ചെയ്യുന്ന കുസൃതിത്തരങ്ങളാണെന്നാണു്. അതു മുഴുവനു ശരിയല്ല. ആദ്യകാലത്തു് അവർ പ്രയോഗിച്ച തന്ത്രം, പ്രായോഗിക തത്വത്തിനോ ശാസ്ത്രപരമായോ ശരിയായ നടപടിയല്ല ഉപദേശമല്ല, പരിശീലനത്തിനാവശ്യമായ ഒരന്തരീക്ഷം സൃഷ്ടിക്കുകയാണു് ഇന്നാവശ്യം എന്നാണു്. അനന്തരം കഴിഞ്ഞ 53 വർഷത്തെ വിദ്യാലയത്തെ പരാമർശിക്കുന്ന റിപ്പോർട്ടു് ഹെഡ്മാസ്റ്റർ വായിച്ചു. ഇതിനുശേഷം അദ്ധ്യക്ഷംവഹിച്ച പ്രധാനമന്ത്രി സ്ഥലം വിട്ടുകയും അദ്ദേഹത്തിന്റെ അപേക്ഷാനുസരണം കോട്ടയം സഹായ മെത്രാനറൈററു് റവ: തോമ്മസ് തറയിൽ അദ്ധ്യക്ഷസ്ഥാനം വഹിക്കുകയും ചെയ്തു. തുടർന്നു മെ. സി. പി. മാത്യു, കെ. പി. എബ്രഹാം, കെ. രാമകൃഷ്ണപിള്ള, ടി. കെ. കിട്ടുന്നി ഇവരും പ്രസംഗിച്ചു. വിദ്യാർത്ഥികൾക്കു് സമരം അവശ്യം എങ്കിൽ അജ്ഞാതയോടു സമരം ചെയ്യട്ടെ; ഗ്രാമപ്രദേശങ്ങളിലേക്കു പുറപ്പെടുക, അവിടെ കാണുന്ന അജ്ഞാനരാക്ഷസനോടു സമരം ചെയ്യട്ടെ, എന്നാണു് മി. കെ. രാമകൃഷ്ണപിള്ള പ്രസ്താവിച്ചതു്, യോഗത്തിൽ മെ. സി. കേശവനു, കുഞ്ഞുറ ഗോപാലപണിക്കർ, പാണ്ടവത്തു ശങ്കരപിള്ള, കമ്പളത്തു ശങ്കുപിള്ള, കെ. ഏ. മാത്യു, ടി. എം. വറുഗീസുമുതലായവരും സംബന്ധിച്ചിരുന്നു. യോഗനടപടികൾ 1-30-നു പര്യവസാനിച്ചു.

കോട്ടയം

(സ്വ—ലേ) മകരം 24

ഇവിടെ എത്തിയിരുന്ന പ്രധാനമന്ത്രി ശ്രീ: ടി. കെ. നാരായണപിള്ളയും വിദ്യാഭ്യാസമന്ത്രി ശ്രീ: എൻ. കുഞ്ഞുരാമനും അലുവാമ്പുഴപോയിരിക്കുന്നു.

ഐക്യകേരളക്രിസ്മസ്സിൽ സംബന്ധിക്കുന്നതിനായി മെ: സി: കേശവൻ, കെ. രാമകൃഷ്ണപിള്ള, കെ. എ. മാത്യു, കുമ്പളത്തു ശങ്കുപിള്ള, കുഞ്ഞുറ ഗോപാലപ്പണിക്കർ, ടി. എം. വറുഗീസ് എന്നീ ഐക്യകേരളപ്രസ്ഥാനവാദികൾ അലുവാമ്പുഴ പോയിരിക്കുന്നു.

കോട്ടയത്തെ വിവിധക്രൈസ്തവസഭകളുടെ ആഭിമുഖ്യത്തിൽ തിരുനക്കരമൈതാനത്തുവച്ചു കുംഭം 9-ാംനു മുതൽ 12-ാംനു വരെ ഒരു ക്രിസ്ത്യൻകൺവൻഷൻ നടത്തുന്നതാണെന്നും, പ്രധാന പ്രാസംഗികൻ റൈററ്. റവ. ജോർജ്ജ് സിങ്കർ എം. എ. (നാഗപ്പൂർ ബിഷോപ്പ്) ആയിരിക്കുമെന്നും അറിയുന്നു.

അലുവായിൽനിന്നും ഇവിടെ എത്തിയിരുന്ന സഹകരണസംഘം രജിസ്ട്രാർ മി: ജി ആർ പിള്ള തിരുവനന്തപുരത്തേയ്ക്കു പോയിരിക്കുന്നു.

കോട്ടയം ഡിസ്ട്രിക്ടിലുള്ള ട്രാൻസ്പോർട്ടു് ഇൻസ്പെക്ടറന്മാരുടെ ഒരു കോൺഫറൻസ് സ്ഥലം ഡിസ്ട്രിക്ടു് ആഫീസർ മി. കെ. കുഞ്ഞുരാമന്റെ അദ്ധ്യക്ഷതയിൽ ഈ മാസം 23-ാം തീയതി സ്ഥലം ട്രാൻസ്പോർട്ടാഫീസിൽവച്ചുകൂടി ഡിപ്പാർട്ടുമെന്റൽ സർവീസു് നടത്തിപ്പ്സംബന്ധിച്ചു് പല പ്രധാന നിശ്ചയങ്ങളും ചെയ്തിരിക്കുന്നതാണു്.

പെർഷ്യയിലെ ഷായെവെടിവച്ചു

അക്രമിയെ ജനക്കൂട്ടം കയ്യേററം ചെയ്തു

ടെഹ്റാൻ ഫെബ്രുവരി 5

ഒരു പത്രപ്രവർത്തകൻ, പെർഷ്യയിലെ ഷാ ആയ മഹമ്മദ് റാസാപാഹ്‌ലവിയെ അടുത്തു നിന്നു വെടിവെച്ചിരിക്കുന്നു. വെടിയേറെറങ്കിലും മുറിവു സാരമില്ല. ഉടൻതന്നെ അദ്ദേഹത്തെ അടുത്തുള്ള ആശുപത്രിയിൽ കൊണ്ടുപോയി പ്രാഥമിക ശുശ്രൂഷ നടത്തുകയും പിന്നീടു് ടെഹ്റാനിലേയ്ക്കു് കൊണ്ടുപോകുകയും ചെയ്തു. അദ്ദേഹം ഒരു സർവ്വകലാശാലയുടെ വാർഷികാഘോഷത്തിൽ പങ്കെടുക്കുമ്പോഴാണു് ഈ സംഭവം നടന്നതു്. വെടിവച്ച ആളെ ജനക്കൂട്ടം ആക്രമിക്കുകയും മുറിവേററ നിലയിൽ ആശുപത്രിയിലേക്കു നീക്കം ചെയ്തു.

(പി. ററി. ഐ. റോയിട്ടർ)

വെടിവച്ച ആൾ മരിച്ചു

ഇന്നലെ ഷായെ വെടിവച്ച ആൾ ജനക്കൂട്ടത്തിൽ നിന്നുണ്ടായ ആക്രമണഫലമായി ഏററ പരുക്കുകളാൽ മൃതിയടഞ്ഞതായി പിന്നീടു് റിപ്പോർട്ടു ലഭിച്ചിരിക്കുന്നു.

കാൺമാനില്ല.

ചേർത്തല, മകരം 23

എന്റെ മകൾ 16 വയസ്സു പ്രായമുള്ള സതിയമ്മ എന്നു പേരുള്ള കുട്ടിയെ ഇന്നു രാവിലെ മുതൽ കാണുന്നതായിരിക്കുന്നു. കുട്ടിക്കു് ഉയരം നാലരയടി പൊക്കമുണ്ടു്, ഇരുനിറമാണു്, കഴുത്തിൽ ചുട്ടിയും ചെയിനും ഒരു മാലയും കയ്യിൽ രണ്ടു ചെയിനും കാതിൽ കമ്മലും ലോലാക്കും ധരിച്ചിട്ടുണ്ടു്. കാണുന്നവർ ദയവായി താഴെക്കാണുന്ന മേൽവിലാസത്തിൽ അറിയിക്കണമെന്നപേക്ഷ.

ർണ്ണീർമുക്കം തെക്കുപകുതിയിൽ ചാരമംഗലം മുറിയിൽ തെക്കെവെളിയിൽ വീട്ടിൽ ജ്യോത്സിനി ലക്ഷ്മിഅമ്മ

c/o ഏജൻറു്
"ദേശബന്ധു" ചേർത്തല

കാളറാബാധ

(സ്വ—ലേ)

തിരുവനന്തപുരം, മകരം 23

മദ്രാസ് പബ്ളിക്കു് ഹെൽത്തു് ഡയറക്ടരുടെ ഒരു റിപ്പോർട്ടിൽ തിരുനൽവേലി ഡിസ്ട്രിക്ടിൽ കാളറാവർദ്ധിച്ചുവരുന്നതായും പ്രധാനമായി അംബാസമുദ്രം, കൊയിൽപേട്ട, ആങ്കുണേറി, ശ്രീവൈകുണ്ഠം, തിരുനൽവേലി, മേലേപ്പാളയം, മുനിസിപ്പൽ പട്ടണം പാളയംകോട്ടു്, മുനിസിപ്പൽപട്ടണം തിരുനൽവേലി ടൗൺ, തൂത്തുക്കുടി എന്നീ സ്ഥലങ്ങളിലാണു് കാളറാ പിടിപെട്ടിരിക്കുന്നതെന്നും പ്രസ്താവിച്ചിരിക്കുന്നു.

സ്ഥലംമാററം

(സ്വ—ലേ)

തിരുവനന്തപുരം, മകരം 23

പ്രൈമറിയും മിഡിൽസ്കൂൾ ഇൻസ്പെക്ടറന്മാർക്കു് താഴെ പറയുന്ന സ്ഥലംമാററങ്ങൾ അനുവദിച്ചിരിക്കുന്നു,

മി. സി. എസ്. നടരാജപിള്ളയെ നാഗർകോവിലിലേയ്ക്കും, മി. ഇളങ്കുഞ്ഞിരാമനാടരെ തക്കലയ്ക്കും, മി. സി. ഇ. ചേറ്റുവടിയാനെ കുഴിത്തുറയ്ക്കും, മി. ഗണപതിഅയ്യരെനെയ്യാററിൻകരയ്ക്കും, മി. കെ. ബാലസുബ്രഹ്മണ്യശാസ്ത്രിയെ ബാലരാമപുരത്തും, മി. പി: ഗോവിന്ദപ്പിള്ളയെ തിരുവനന്തപുരത്തും, മി. ജി. രാമനാഥയ്യരെ നെടുമങ്ങാട്ടും, എസ്. രാമനാഥയ്യരെ ആററിങ്ങലും, മി. കെ. ജി. മാധവനെ കൊല്ലത്തും, മി. എസ്. ഏ: സോമസുന്ദരപിള്ളയെ കൊട്ടാരക്കരയും, ആർ. സുബ്രഹ്മണ്യയ്യരെ അടൂരും, മി. എം. അയ്യിനെ മാവേലിക്കരയും, മി. പി. ജെ. അലക്സാണ്ടറെ, ചെങ്ങന്നൂരും മി. ഏ. ജി. വറുഗീസ